# ദുരന്ത നിവാരണ ചട്ടക്കൂടിലേക്ക് അതിഥിത്തൊഴിലാളികളെ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ



കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
കേരള സർക്കാർ

# ഉള്ളടക്കം


01 ആമുഖം

02 കേരളത്തിലെ അതിഥി തൊഴിലാളികളുടെ പ്രത്യേക ദുർബലതകൾ

03 കേരളത്തിലെ അതിഥി തൊഴിലാളികളുടെ ദുരന്ത പശ്ചാത്തലത്തിലെ പ്രത്യേക ദുർബലതകൾ.

04 ദുരന്ത പ്രതികരണത്തിലെ സ്ഥാപനപരമായ തടസ്സങ്ങൾ

05 കേരളത്തിന്റെ സമഗ്രമായ 'സുരക്ഷയാനം'

06 ഉൾച്ചേർന്ന ദുരന്ത പ്രതിരോധം

07 സമഗ്ര സംസ്ഥാന, ജില്ലാ , പ്രാദേശിക ദുരന്ത നിവാരണ പദ്ധതികളുടെ ആവശ്യകത

08 നിർദേശിക തത്വങ്ങൾ

09 ലക്ഷ്യവും സാധ്യതകളും

10 വ്യാപ്തിയും പ്രയോഗവും

11 മാർഗ്ഗ നിർദ്ദേശങ്ങൾ
- ദുരന്ത തയ്യാറെടുപ്പ്
- ദുരന്ത പ്രതികരണം
- ദുരന്താനന്തര വീണ്ടെടുപ്പ്

12 മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ

# ആമുഖം

കരുത്തുറ്റ സമ്പദ് വ്യവസ്ഥയും വൈവിധ്യമാർന്ന തൊഴിലവസരങ്ങളും കൊണ്ട് കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്നും അയൽരാജ്യങ്ങളിൽ നിന്നുമുള്ള അതിഥി തൊഴിലാളികളുടെ ജീവനോപാധി തേടിയുള്ള ദേശസഞ്ചാരത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറി. നിർമ്മാണ മേഖല, ഉൽപ്പാദന മേഖല, ഹോസ്പിറ്റാലിറ്റി, കാർഷിക മേഖല തുടങ്ങിയ പ്രധാന മേഖലകളിൽ ജോലി ചെയ്യുന്ന ഏകദേശം 2.5 ദശലക്ഷം അതിഥി തൊഴിലാളികൾക്ക് സംസ്ഥാനം ആതിഥേയത്വം വഹിക്കുന്നുണ്ട്. കേരളത്തിലെത്തിച്ചേരുന്ന അതിഥി തൊഴിലാളികളുടെ സവിശേഷയമായ ദുർബലതകൾ കണക്കിലെടുത്തു പരിശോധിക്കുമ്പോൾ കേരളത്തിലെ ദുരന്ത നിവാരണ ചട്ടക്കൂടിലേക്ക് അതിഥി തൊഴിലാളി സമൂഹങ്ങളെ കൂടി ഉൾച്ചേർക്കാൻ പ്രത്യേക പരിശ്രമങ്ങളുടെ ആവശ്യകതയുള്ളതായി കാണാം.

കേരളത്തിലെ അതിഥി തൊഴിലാളി സമൂഹം ദൈനംദിന ജീവിതത്തിൽ അനുഭവിക്കുന്ന നിരവധി വ്യവസ്ഥാപരമായ ദുർബലതകൾ ദുരന്തസമയത്ത് അവരുടെ അപകടസാധ്യത ഗണ്യമായി വർദ്ധിപ്പിക്കുന്നുണ്ട്. സാമൂഹിക സാമ്പത്തിക തലത്തിൽ അതിഥി തൊഴിലാളികൾ പലപ്പോഴും സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളിലും ഔപചാരിക ബാങ്കിംഗ് സംവിധാനങ്ങളിലും പരിമിതമായ ലഭ്യത അവരുടെ കഴിവിനെ പരിമിതപ്പെടുത്തുന്നതായും കാണാം. ആരോഗ്യപരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ അവശ്യ സേവനങ്ങളിൽ പരിമിതമായ ലഭ്യതയും, ദുർബല പ്രദേശങ്ങളിലെ സുരക്ഷിതമല്ലാത്ത പാർപ്പിടങ്ങളിൽ ജീവിക്കുന്നതും ദുരന്ത നിവാരണ പശ്ചാത്തലത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലകളാണ്. കൃത്യവും, ഔപചാരികവും, കാര്യക്ഷമവുമായ ഡോക്യുമെന്റേഷന്റെയും രജിസ്ട്രേഷന്റെയും അഭാവം അതിഥി തൊഴിലാളികളുടെ അപകടകരമായ അവസ്ഥ കൂടുതൽ ആഴത്തിലുള്ളതാക്കുന്നു.

സാംസ്കാരികവും സാമൂഹികവുമായ പ്രതിബന്ധങ്ങൾ അതിഥി തൊഴിലാളികളുടെ കാര്യത്തിൽ ദുർബലതയുടെ മറ്റൊരു തലം അവതരിപ്പിക്കുന്നു. ഭാഷാ വ്യത്യാസങ്ങൾ കാര്യമായ ആശയവിനിമയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു എന്നത് പ്രാദേശിക സമൂഹങ്ങളുമായി സ്വാഭാവിക സമ്പർക്കത്തിലേർപ്പെടാനും അവശ്യ സേവനങ്ങൾ ലഭ്യമാകാനുമുള്ള അവരുടെ കഴിവിനെ തടസ്സപ്പെടുത്തുന്നു. അതിഥി തൊഴിലാളികളുടെ പരിമിതമായ സാമൂഹിക ബന്ധങ്ങളും സാമൂഹിക പിന്തുണാ സംവിധാനങ്ങളും സാംസ്കാരിക ഒറ്റപ്പെടലും പ്രാദേശിക ആചാരങ്ങളുമായുള്ള അപരിചിതത്വവും പലപ്പോഴും സാമൂഹികമായ ഒറ്റപ്പെടലിലേക്കും പ്രാദേശിക തീരുമാനമെടുക്കൽ പ്രക്രിയകളിൽ കുറഞ്ഞ പ്രാതിനിധ്യത്തിലേക്കും പങ്കാളിത്തത്തിലേക്കും നയിക്കുന്നു. സാമൂഹിക ജീവിതവും പിന്തുണ സംവിധാനങ്ങളും പുനരുജ്ജീവനത്തിൽ നിർണായക പങ്ക് വഹിക്കുന്ന, ദുരന്ത സാധ്യത കുറയ്ക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം തടസ്സങ്ങൾ പ്രത്യേകിച്ചും ആശങ്കാജനകമാണ്.

“

# കേരളത്തിലെ അതിഥി തൊഴിലാളികളുടെ ദുരന്ത പശ്ചാത്തലത്തിലെ പ്രത്യേക ദുർബലതകൾ.

ദുരന്ത സാഹചര്യങ്ങളിൽ അതിഥി തൊഴിലാളികളുടെ അന്തർലീനമായ പ്രത്യേക ദുർബലതകൾ ക്രമാതീതമായി വർദ്ധിക്കുന്നു. ഭാഷാ തടസ്സങ്ങൾ കാരണം നേരത്തെയുള്ള കാലാവസ്ഥ/ദുരന്ത മുന്നറിയിപ്പുകളും,
പ്രാദേശികമായ മാറ്റിപാർപ്പിക്കൽ/ഒഴിപ്പിക്കൽ നിർദ്ദേശങ്ങളും അതിഥി തൊഴിലാളി സമൂഹങ്ങളിൽ എത്തിച്ചേരുന്നതിൽ പരിമിതപ്പെടുമ്പോൾ വിവര, ആശയവിനിമയ മുന്നറിയിപ്പികളിലെ പോരായ്മകൾ കൂടുതൽ നഷ്ടങ്ങൾക്കും ജീവഹാനിക്കും വഴിവെക്കുന്നു. പ്രാദേശിക ദുരന്ത സാധ്യതകളെയും സുരക്ഷിത മേഖലകളെയും കുറിച്ചുള്ള പരിമിതമായ അവബോധവും ഔദ്യോഗിക ആശയവിനിമയ ചാനലുകളിലുള്ള പരിമിതമായ ലഭ്യതയും അടിയന്തിര സാഹചര്യങ്ങളിൽ അതിഥി തൊഴിലാളികളുടെ ദുർബലതകൾ പ്രത്യേകിച്ചും തുറന്നുകാട്ടുന്നു. അവർ അഭിമുഖീകരിക്കുന്ന ശാരീരികവും സേവനവിന്യാസങ്ങളിലുള്ള പരിമിതികളിലെ വെല്ലുവിളികളും ഒരുപോലെ ആശങ്കാജനകമാണ്. അപകടസാധ്യതയുള്ള പ്രദേശങ്ങളിലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിലും താമസിക്കാനുള്ള അതിഥി തൊഴിലാളികളുടെ പ്രവണത, മാറ്റിപാർപ്പിക്കൽ വഴികളെക്കുറിച്ചും സുരക്ഷിത ഷെൽട്ടറുകളെക്കുറിച്ചുമുള്ള പരിമിതമായ അറിവ് എന്നിവ ദുരന്തസമയത്ത് അവരുടെ അപകടസാധ്യത ഗണ്യമായി വർദ്ധിപ്പിക്കുന്നു.
പ്രാദേശിക ഭൂമിശാസ്ത്രവുമായി പരിചയമില്ലാത്തതിനാൽ തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെടുന്നതും നിയന്ത്രിത ചലനാത്മകതയും അടിയന്തിര സാഹചര്യങ്ങളിൽ അവരുടെ അവസ്ഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.
അതിഥി തൊഴിലാളികളുടെ തൊഴിൽ പശ്ചാത്തലം അവരുടെ ദുർബലതയ്ക്ക് മറ്റൊരു മാനം നൽകുന്നു. അപകടകരവും അപകട സാധ്യതയുള്ളതുമായ മേഖലകളിൽ ജോലി ചെയ്യുകയും, പലപ്പോഴും ശരിയായ കരാറുകളോ മതിയായ ജോലിസ്ഥലത്തെ സുരക്ഷാ നടപടികളോ ഇല്ലാതെ അനൗപചാരിക ക്രമീകരണങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നു. ഇൻഷുറൻസ് പരിരക്ഷയുടെ അഭാവവും കൃത്യമായൊരു ജോലി സമയമില്ലാത്തതും അതിഥി തൊഴിലാളികളുടെ ദുരന്ത സമയത്തും ശേഷവുമുള്ള ഉടനടി ക്ഷേമപ്രവർത്തനത്തെ ബാധിക്കുക മാത്രമല്ല ദുരന്ത സമയത്ത് കാര്യമായ അപകടസാധ്യതകൾക്ക് വിധേയരാക്കുകയും ചെയ്യുന്നു.

“

# ദുരന്ത പ്രതികരണത്തിലെ സ്ഥാപനപരമായ തടസ്സങ്ങൾ.

ഭരണപരവും സ്ഥാപനപരവുമായ തടസ്സങ്ങൾ ദുരന്ത സമയത്ത് അധിക വെല്ലുവിളികൾ സൃഷ്ടിക്കുന്നു. സർക്കാർ ഡാറ്റാബേസുകളിൽ പരിമിതമായ രജിസ്ട്രേഷൻ കാരണം അതിഥി തൊഴിലാളികൾ പലപ്പോഴും ഔദ്യോഗിക ദുരന്ത പ്രതികരണ സംവിധാനങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. ഇത്തരത്തിൽ ഔദ്യോഗിക സംവിധാനങ്ങളിൽ നിന്നുള്ള അകൽച്ച അതിഥി തൊഴിലാളികൾക്ക് നഷ്ടപരിഹാരവും ദുരിതാശ്വാസ ആനുകൂല്യങ്ങളും ലഭിക്കുന്നതിൽ തടസ്സം സൃഷ്ഠിക്കുന്നു. അതേസമയം പ്രാദേശിക ദുരന്ത നിവാരണ സമിതികളിൽ അതിഥി തൊഴിലാളികളുടെ
പ്രാതിനിധ്യത്തിന്റെ അഭാവം ചൂണ്ടിക്കാണിക്കുന്നത് ദുരന്ത ആസൂത്രണത്തിലും പ്രതികരണ ശ്രമങ്ങളിലും അവരുടെ നിർദ്ദിഷ്ട ആവശ്യങ്ങളും ആശങ്കകളും പരിഹരിക്കപ്പെടാതെ
പോകുന്നതിനു കാരണമാകുന്നു.
20152030 ലെ ദുരന്ത സാധ്യത കുറയ്ക്കുന്നതി
നുള്ള സെൻഡായ് ചട്ടക്കൂടിന്റെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ ഇത്തരം ദുർബലതകൾ പരിഹരിക്കുന്നതിനുള്ള അനിവാര്യത എടുത്തുകാണിക്കുന്നു. സമഗ്രമായി ദുരന്ത സാധ്യത കുറയ്ക്കുന്നതിന്റെ പ്രാധാന്യം സെൻഡായി ചട്ടക്കൂട് ഊന്നിപ്പറയുന്നതിലൂടെ അതിഥി തൊഴിലാളി സമൂഹത്തിന്റെ നിർദ്ദിഷ്ട ദുർബലതകൾ തിരിച്ചറിയുകയും ക്രോഡീകരിച്ച വിവര ശേഖരണത്തിലൂടെ ദുരന്ത സാധ്യത മനസിലാക്കാൻ പ്രാദേശിക ദുരന്ത നിവാരണ ചട്ടക്കൂടുകളോട് ആഹ്വനം ചെയ്യുന്നുണ്ട്. തീരുമാനമെടുക്കുന്ന/ ആസൂത്രണ പ്രക്രിയകളിൽ കുടിയേറ്റക്കാർ ഉൾപ്പെടെയുള്ള എല്ലാ സാമൂഹിക പങ്കാളികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെയും അവരുടെ സംരക്ഷണത്തിനായി വ്യക്തമായ സ്ഥാപന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലൂടെയും ദുരന്ത സാധ്യതാ/ ദുരന്ത നിവാരണ ഭരണം ശക്തിപ്പെടുത്തേണ്ടതുണ്ട്.

“

## കേരളത്തിന്റെ സമഗ്രമായ 'സുരക്ഷായാനം'.

അതിഥി തൊഴിലാളികൾ സമ്പദ് വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്ന കേരളത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിന്റെ ദുരന്ത നിവാരണ ആസൂത്രണത്തിന്റെ അടിസ്ഥാന തത്വമായ 'സുരക്ഷായാനം' പ്രതിനിധീകരിക്കുന്നത് അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുന്നത് കേവലം മാനുഷികമായ
അനിവാര്യത മാത്രമല്ല മറിച് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന സംഭാവന ചെയ്യുന്ന ജനസമൂഹത്തിന്റെ സുസ്ഥിരമായ
പുനരുജ്ജീവനം കെട്ടിപ്പടുക്കുന്നതിനുള്ള സാമൂഹിക അനിവാര്യത കൂടിയാണ്. സമീപകാല ദുരന്തങ്ങൾ പ്രത്യേകിച്ച് 2018 ലെ വെള്ളപ്പൊക്കം, കോവിഡ് 19 പകർച്ചവ്യാധി, വയനാട് ചൂരൽമല മുണ്ടക്കൈ ദുരന്തം എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ അനുഭവം എല്ലാ തലങ്ങളിലും ദുരന്ത നിവാരണ ചട്ടക്കൂടുകളിൽ അതിഥി തൊഴിലാളികളെ വ്യവസ്ഥാപിതമായി ഉൾപ്പെടുത്തേണ്ടതിന്റെ അടിയന്തിര ആവശ്യകത ഉയർത്തിക്കാട്ടുന്നു.

“

# ഉൾച്ചേർന്ന ദുരന്ത പ്രതിരോധം.

പുനരുജ്ജീവന ശേഷി കെട്ടിപ്പടുക്കുന്നതിനുള്ള സെൻഡായി ചട്ടക്കൂടിന്റെ ഊന്നൽ എല്ലാവരെയും ഉൾക്കൊള്ളുന്ന മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളും എളുപ്പം ലഭ്യമാകുന്ന അടിയന്തിര സേവനങ്ങളും വികസിപ്പിക്കുന്നത് ഉൾപ്പെടെ ദുർബല സമൂഹങ്ങൾക്കായുള്ള അപകടസാധ്യത കുറയ്ക്കൽ നടപടികളിൽ ലക്ഷ്യം വച്ചുകൊണ്ടുള്ള നിക്ഷേപം ആവശ്യപ്പെടുന്നുണ്ട്. 'ബിൽഡിംഗ് ബാക്ക് ബെറ്റർ' എന്ന സെൻഡായി ചട്ടക്കൂടിന്റെ തത്വം നിലവിലുള്ള ദുർബലതകളെ അഭിസംബോധന ചെയ്യുകയും സാമൂഹിക സംരക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്ന തുല്യമായ വീണ്ടെടുക്കൽ പ്രക്രിയകളുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. 'ലീവിങ് നോ വൺ ബിഹൈൻഡ്' അഥവാ 'ആരെയും പിന്നിലാക്കരുത്' എന്ന ചട്ടക്കൂടിന്റെ അടിസ്ഥാന തത്വം ദുരന്ത സാധ്യത കുറയ്ക്കൽ തന്ത്രങ്ങളിൽ അതിഥി തൊഴിലാളി ജനസമൂഹത്തിന്റെ ഉൾച്ചേർക്കലിന്റെ ധാർമ്മികവും പ്രായോഗികവുമായ അനിവാര്യത അടിവരയിടുന്നു.


“

# സമഗ്ര സംസ്ഥാന, ജില്ലാ, പ്രാദേശിക ദുരന്ത നിവാരണ പദ്ധതികളുടെ ആവശ്യകത.

സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിലെ ദുരന്ത നിവാരണ പദ്ധതികളിലേക്ക് അതിഥി തൊഴിലാളികളുടെ സവിശേഷ ദുർബലതകളെ അഭിസംബോധന ചെയ്യുന്ന പരിഗണനകൾ സംയോജിപ്പിക്കേണ്ടത് നിരവധി കാരണങ്ങളാൽ അനിവാര്യമാണ്:




രാജ്യത്തിന്റെ അന്താരാഷ്ട്ര പ്രതിബദ്ധതകൾ കണക്കിലെടുക്കുമ്പോൾ 20152030 ലെ ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സെൻഡായ് ചട്ടക്കൂടിന് കീഴിലുള്ള ഇന്ത്യയുടെ പ്രതിബദ്ധതകളെ ദേശീയ, സംസ്ഥാന, ജില്ലാ, പ്രാദേശിക ദുരന്ത നിവാരണ ചട്ടക്കൂടുകളിലേക്ക് അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുന്നത് പിന്തുണയ്ക്കുന്നു.



സാമൂഹികനീതിയുടെ വീക്ഷണകോണിൽ, എല്ലാവരെയും ഉൾകൊള്ളുന്ന ദുരന്ത സാധ്യത കുറയ്ക്കുന്നതും സാമൂഹിക തുല്യതയോടും മാനുഷിക അന്തസ്സിനോടുമുള്ള കേരളത്തിന്റെ പ്രതിബദ്ധത അഭിസംബോധന ചെയ്യുന്നു.



സാമ്പത്തിക പുനരുജ്ജീവനം കണക്കിലെടുക്കുമ്പോൾ, അതിഥി തൊഴിലാളികൾ സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ നിർണായക ഘടകമായതിനാൽ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക പുനരുജ്ജീവനത്തെ ശക്തിപ്പെടുത്തുന്നു.



മാനുഷികാവകാശ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമുള്ള ജീവിക്കാനുള്ള അവകാശം അതിഥി തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വ്യക്തികൾക്കും ബാധകമാണ്.

“

# നിർദേശക തത്വങ്ങൾ.

സംസ്ഥാന, ജില്ലാ, പ്രാദേശിക ദുരന്ത നിവാരണ ചട്ടക്കൂടുകളിലേക്ക് അതിഥി തൊഴിലാളി ജനസമൂഹത്തെ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സെൻഡായ് ചട്ടക്കൂടിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കി സംയോജിപ്പിച്ചിരിക്കുന്നു.

### ദുരന്ത സാധ്യത മനസിലാക്കുക

1

അതിഥി തൊഴിലാളി സമൂഹത്തിന്റെ സവിശേഷ ദുർബലതകളുടെ വിലയിരുത്തൽ

2

അതിഥി തൊഴിലാളി സമൂഹത്തിനെ സംബന്ധിച്ചുള്ള ക്രോഡീകരിച്ച സമഗ്രമായ വിവരശേഖരണവും ന്യായമായ ഉപയോഗവും.

3

അപകടസാധ്യത സംബന്ധിയായ ധാരണയെ ബാധിക്കുന്ന സവിശേഷമായ സാമൂഹിക സാംസ്കാരിക ഘടകങ്ങളെ/ പ്രതിബന്ധങ്ങളെ കുറിച്ചുള്ള പരിഗണന.

### ദുരന്ത സാധ്യത വിലയിരുത്തൽ സംവിധാനം

1

എല്ലാവരെയും ഉൾക്കൊള്ളുന്ന തീരുമാനമെടുക്കൽ/ ആസൂത്രണ പ്രക്രിയകൾ.

2

അതിഥി തൊഴിലാളി സമൂഹത്തിന്റെ സംരക്ഷണത്തിനായി വ്യക്തമായ സ്ഥാപന സംവിധാനങ്ങൾ.

## ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള നിക്ഷേപം

1

അതിഥി തൊഴിലാളി സമൂഹത്തിന്റെ പ്രത്യേക തയ്യാറെടുപ്പിനായി വിഭവങ്ങളുടെ വിഹിതം

2

ബഹുഭാഷാ മുന്നറിയിപ്പ് സംവിധാനങ്ങളുടെ വികസനം

3

എല്ലാവരെയും ഉൾകൊള്ളുന്ന ക്യാമ്പ്, ഷെൽട്ടർ, മറ്റു താത്കാലിക മാറ്റിപാർപ്പിക്കൽ സംവിധാനങ്ങൾ എന്നിവ സൃഷ്ടിക്കുക

## ദുരന്ത തയ്യാറെടുപ്പ് ശാക്തീകരണം ശക്തിപ്പെടുത്തുക

1

അതിഥി തൊഴിലാളി സമൂഹങ്ങളുടെ ശേഷി വികസനം

2

സാംസ്കാരികമായി സമന്വയിപ്പിക്കാവുന്ന തയ്യാറെടുപ്പ് പ്രോട്ടോക്കോളുകളുടെ വികസനം

3

അടിയന്തിര പ്രതികരണത്തിനായി അതിഥി തൊഴിലാളി സമൂഹത്തിന്റെ ഡാറ്റാബേസുകളുടെ പതിവ് അപ് ഡേറ്റ്

“

# ലക്ഷ്യവും സാധ്യതകളും.

കേരളത്തിലെ എല്ലാ ഭരണതലങ്ങളിലും ദുരന്ത നിവാരണ ആസൂത്രണത്തിൽ അതിഥി തൊഴിലാളികളെ സംബന്ധിച്ചുള്ള പരിഗണനകൾ സമന്വയിപ്പിക്കുന്നതിനുള്ള സമഗ്രമായ ചട്ടക്കൂട് സ്ഥാപിക്കുക എന്നതാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രാഥമിക ലക്ഷ്യം.

**നിർദ്ദിഷ്ട ലക്ഷ്യങ്ങൾ:**

**01** ദുരന്ത സന്ദർഭങ്ങളിൽ അതിഥി തൊഴിലാളി സമൂഹത്തിന്റെ നിർദ്ദിഷ്ട ദുർബലതകൾ തിരിച്ചറിയുന്നതിനും അഭിസംബോധന ചെയ്യുന്നതിനും ഘടനാപരമായ സമീപനം നൽകുക.

**02** ദുരന്ത നിവാരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് വ്യക്തമായ പ്രോട്ടോക്കോളുകൾ സ്ഥാപിക്കുക.

**03** അതിഥി തൊഴിലാളി സമൂഹങ്ങളുമായി ഫലപ്രദമായ ആശയവിനിമയത്തിനും ഏകോപനത്തിനുമുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക.

**04** അതിഥി തൊഴിലാളികളെ ഉൾക്കൊള്ളുന്ന അടിയന്തര പ്രതികരണത്തിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ രൂപീകരിക്കുക.

**05** അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന സുസ്ഥിരവും കാര്യക്ഷമവും ദ്രുതഗതിയിലുള്ളതുമായ വീണ്ടെടുക്കൽ പ്രക്രിയകൾ ഉറപ്പാക്കുക.

“

# വ്യാപ്തിയും പ്രയോഗവും.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ കേരളത്തിലെ സംസ്ഥാന, ജില്ലാ, പ്രാദേശിക ദുരന്ത നിവാരണ ചട്ടക്കൂടുകളിലേക്ക് സംസ്ഥാനത്തെ അതിഥി തൊഴിലാളി ജനസമൂഹത്തിനെ ഉൾച്ചേർക്കുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ്. അതിനാൽ മാർഗനിർദേശങ്ങൾ താഴെ പറയുന്ന വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്.

**ബഹുപങ്കാളിത്ത പ്രവർത്തനത്തിലെ പ്രധാന പങ്കാളികൾ (Key Stakeholders):**

- **ലേബർ ഡിപ്പാർട്ട്മെന്റ്**
- **കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**
- **ജില്ലാ ദുരന്ത നിവാരണ അതോറിറ്റി**
- **തദ്ദേശ സ്വയംഭരണ വകുപ്പ്**
- **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**
- **ലൈൻ ഡിപ്പാർട്ട്മെന്റുകൾ**
  (പോലീസ്, പ്ലാന്റേഷൻ വിഭാഗം, ഫയർ ഫോഴ്സ്, ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, എക്സൈസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയവ )
- **ഇന്റർ ഏജൻസി ഗ്രൂപ്പുകൾ**
  അതിഥി തൊഴിലാളികളുടെ സവിശേഷമായ ആവശ്യങ്ങളും ദുർബലതകളും അഭിസംബോധന ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രതിരോധം, ലഘൂകരണം, തയ്യാറെടുപ്പ്, പ്രതികരണം, വീണ്ടെടുക്കൽ എന്നിങ്ങനെ ദുരന്ത നിവാരണത്തിന്റെ എല്ലാ ഘട്ടങ്ങളിലെ നടപടികളെ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിക്കുന്നു. പ്രവർത്തന കാര്യക്ഷമതയ്ക്കായി, മാർഗനിർദേശങ്ങളിൽ ഈ ഘട്ടങ്ങൾ സംയോജിപ്പിക്കുകയും മൂന്ന് പ്രധാന ഘട്ടങ്ങളായി തരംതിരിക്കുകയും ചെയ്യുന്നു:
- **ദുരന്ത തയ്യാറെടുപ്പ്**
  പ്രതിരോധം, ലഘൂകരണം, തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ.
- **ദുരന്ത പ്രതികരണം**
  ഉടനടി പ്രതികരണ പ്രവർത്തനങ്ങൾ, അടിയന്തിര സമാശ്വാസ പ്രവർത്തനങ്ങൾ.
- **ദുരന്താനന്തര വീണ്ടെടുക്കൽ**
  ദുരന്താനന്തര പുനരധിവാസം, ദീർഘകാല വീണ്ടെടുക്കൽ നടപടികൾ.

പ്രവർത്തന കാര്യക്ഷമതയും നടപ്പാക്കലിൽ വ്യക്തതയും നിലനിർത്തിക്കൊണ്ട് അതിഥി തൊഴിലാളികളുടെ സവിശേഷ ആവശ്യങ്ങളും ദുർബലതകളും പ്രത്യേകമായി അഭിസംബോധന ചെയ്യുന്നതിനാണ് ഓരോ ഘട്ടവും രൂപകൽപ്പന ചെയ്തിരിക്കുന്നത്.

“

# ദുരന്ത തയ്യാറെടുപ്പ്.

സംസ്ഥാനത്തെ ദുരന്തങ്ങൾ നേരിടുന്ന പ്രദേശങ്ങളിലെ അതിഥി തൊഴിലാളികളുടെ സംരക്ഷണത്തിന് ശക്തവും കൃത്യമായി രൂപകൽപ്പന ചെയ്തതും പ്രായോഗികവും പരീക്ഷിച്ചതുമായ ഫലപ്രദമായ ദുരന്ത തയ്യാറെടുപ്പ് തന്ത്രങ്ങൾ ആവശ്യമാണ്. സമഗ്രമായ തയ്യാറെടുപ്പ് വിവിധ ദുരന്ത ഘട്ടങ്ങളിലും അവയുടെ അനന്തരഫലങ്ങളിലും തീവ്രതയും വ്യാപ്തിയും കുറയ്ക്കുകയും ആവശ്യമായ അടിയന്തിര ഇടപെടലുകളുടെ ഫലപ്രാപ്തി വർധിപ്പിക്കുകയും ചെയ്യുന്നു. അതിഥി തൊഴിലാളികളുടെ ദുർബലതകൾ സമഗ്രമായി കൈകാര്യം ചെയ്യുന്നതിനും അവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പുനരുജ്ജീവനം പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം നടപടികൾ വിവിധ മേഖലകളെ അഭിസംബോധന ചെയ്യേണ്ടിയിരിക്കുന്നു. അതേസമയം, തയ്യാറെടുപ്പ് ശ്രമങ്ങൾ അതിഥി തൊഴിലാളികളുടെ കഴിവുകൾ, വൈദഗ്ധ്യം, ശേഷി എന്നിവ തിരിച്ചറിയുകയും ഉപയോഗപ്പെടുത്തുകയും അവരുടെ സുരക്ഷയ്ക്കും വീണ്ടെടുക്കലിനും സ്വയം പ്രാപ്തരാക്കുകയും വേണം.

“

# അതിഥി തൊഴിലാളികളിൽ പ്രകൃതിദുരന്തങ്ങളുടെ അപകടസാധ്യതകളും പ്രത്യാഘാതങ്ങളും സംബന്ധിച്ചുള്ള പഠനങ്ങൾ/ അവലോകനങ്ങൾ നടത്തുക.

അതിഥി തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കേരളത്തിലെ ദുരന്തങ്ങളുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അത്തരം പ്രതിസന്ധികൾ അതിഥി

തൊഴിലാളികളെയും അവരുടെ ഉപജീവനത്തെയും വിഭവങ്ങളുടെ ലഭ്യതയെയും എങ്ങനെ ബാധിക്കുമെന്ന് മനസിലാക്കുന്നത് ദുരന്ത നിവാരണ പ്രക്രിയയിൽ അനിവാര്യമാണ്. അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ദുരന്തത്തിന് മുമ്പുള്ള കാലയളവിലെ സജീവമായ ശ്രമങ്ങൾ നിർണായകമാണ്.

വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ് തുടങ്ങിയവയടക്കമുള്ള വിവിധ പ്രകൃതിദുരന്തങ്ങൾ കേരളത്തിൽ വ്യാപകമാണ്. അതിഥി തൊഴിലാളികളെ ഉൾക്കൊള്ളുന്ന മുന്നറിയിപ്പ് സംവിധാനങ്ങളും പ്രാദേശിക അറിവും വൈദഗ്ധ്യവും തയ്യാറെടുപ്പ്, പ്രതികരണം എന്നിവ വർദ്ധിപ്പിക്കും. ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയുകയും അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, ജനസംഖ്യ, ദുർബലതകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുന്നത് ഉൾച്ചേർന്ന

നയരൂപീകരണത്തിനു വേണ്ടി തയ്യാറെടുപ്പ് ഘട്ടത്തിൽ ചെയ്യേണ്ടവയാണ്.

## നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

അതിഥി തൊഴിലാളികളിലേക്ക് ഫലപ്രദമായി എത്തിച്ചേരുന്നതിന് അനുയോജ്യമായ ബഹുഭാഷ മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുക.

- ✓ ഭാഷാ തടസ്സങ്ങൾ, ജീവിത സാഹചര്യങ്ങൾ, പ്രാദേശിക പങ്കാളിത്തത്തിലുള്ള പരിമിതി തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് അതിഥി തൊഴിലാളികൾക്ക് നിർദ്ദിഷ്ട ദുർബലത വിലയിരുത്തൽ നടത്തുക.
- ✓ അതിഥി തൊഴിലാളി സമൂഹത്തിന്റെ ദുർബലതകളും ശക്തികളും തിരിച്ചറിയുന്നതിന് പങ്കാളിത്ത അപകടസാധ്യത വിലയിരുത്തലുകളിൽ ഉൾപ്പെടുത്തുക.
- ✓ മുൻകൂട്ടിയുള്ള മുന്നറിയിപ്പും ദ്രുത പ്രതികരണ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിന് കേരളത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങളിലേക്ക് അതിഥി തൊഴിലാളികളുടെ നിർദ്ദിഷ്ട ഡാറ്റ സംയോജിപ്പിക്കുക.
- ✓ അഥിതി തൊഴിലാളികളുടെ ക്ഷേമത്തിനായി ലിങ്കേജ് വർക്കർമാരെ സംസ്ഥാനത്തുടനീളം പ്രാദേശിക തലത്തിൽ നിയോഗിക്കുകയും സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ തന്ത്രങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുക. ഇത്തരത്തിൽ നിയോഗിക്കപ്പെടുന്ന ലിങ്കേജ് വർക്കർമാർ അഥിതി തൊഴിലാളി സമൂഹത്തിൽ നിന്ന് തന്നെയാണെന്നും, വിവിധ അഥിതി തൊഴിലാളി സമൂഹങ്ങളുടെ ആശയ വിനിമയം ചെയ്യാൻ കഴിവുള്ളവരാണെന്നും ഉറപ്പുവരുത്തുക.

“

# സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കിക്കൊണ്ട് അതിഥി തൊഴിലാളികളുടെ പ്രാദേശിക തലത്തിലുള്ള വിവരശേഖരണം നടത്തുകയും പങ്കിടുകയും ചെയ്യുക.

അതിഥി തൊഴിലാളികളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ കേരളത്തിലെ ദുരന്ത പ്രതികരണത്തിന് അത്യന്താപേക്ഷിതമാണ്. എണ്ണം, തൊഴിലുകൾ, സ്ഥലങ്ങൾ, ദുർബലതകൾ എന്നിവയെക്കുറിച്ചുള്ള സംയോജിത വിവരശേഖരണം പ്രതിസന്ധി ഘട്ടങ്ങളിൽ അവരുടെ നിർദ്ദിഷ്ട ആവശ്യങ്ങൾ പരിഹരിക്കാൻ പങ്കാളികളെ സഹായിക്കും.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- ധാർമ്മികവും സുരക്ഷിതവുമായ പ്രക്രിയകളിലൂടെ പ്രാദേശിക തലത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതിഥി തൊഴിലാളികളുടെ അടിസ്ഥാന വിശദാംശങ്ങൾ ഉൾപ്പെടെ ഒരു രജിസ്ട്രി പരിപാലിക്കുക.

- സ്വകാര്യതയെക്കുറിച്ചുള്ള ആശങ്കകളെ അഭിസംബോധന ചെയ്യുമ്പോൾ അതിഥി തൊഴിലാളികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് അതിഥി തൊഴിലാളികളുടെ സാമൂഹിക ശൃംഖല, തൊഴിലുടമകളുടെ ശൃംഖല, റിക്രൂട്ട്മെന്റ് ഏജൻസികൾ എന്നിവ ഉപയോഗിക്കുക.

- അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ കേരളത്തിന്റെ വിവര പരിരക്ഷണ, സ്വകാര്യതാ മാനദണ്ഡങ്ങൾ എന്നിവയുമായി ഡാറ്റാ ശേഖരണം യോജിക്കുന്നുവെന്ന് ഉറപ്പാക്കുക.

- ദുരന്ത പ്രതികരണ സംവിധാനങ്ങളിൽ ഉൾപ്പെടുത്തുന്നതിന്റെ പ്രയോജനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രസക്തമായ വിവരങ്ങൾ സ്വമേധയാ പങ്കിടാൻ അതിഥി തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുക.

“

# ദുരന്ത തയ്യാറെടുപ്പുകളിലും വീണ്ടെടുക്കലിലും പങ്കെടുക്കാൻ അതിഥി തൊഴിലാളികളെ ശാക്തീകരിക്കുക.

പ്രാദേശിക അറിവ്, വിഭവങ്ങൾ, അവകാശങ്ങൾ എന്നിവ ഉപയോഗിച്ച് അതിഥി തൊഴിലാളികളെ ശാക്തീകരിക്കുന്നത് ദുരന്തസമയത്ത് അവരുടെ പ്രതിരോധശേഷി ഉറപ്പാക്കുന്നു. വിവരശേഖരണത്തിന്റെ അഭാവം, ഭാഷാ തടസ്സങ്ങൾ, പരിമിത സൗകര്യങ്ങളോടു കൂടിയ തൊഴിൽ സാഹചര്യങ്ങൾ എന്നിവ പോലുള്ള വ്യവസ്ഥാപരമായ ദുർബലതകളെ അഭിസംബോധന ചെയ്യുന്നത് അതിഥി തൊഴിലാളികൾക്ക് ദുരന്ത സാഹചര്യങ്ങളെ മികച്ച രീതിയിൽ പ്രതിരോധിക്കാനും വീണ്ടെടുക്കൽ ശ്രമങ്ങൾക്ക് സംഭാവന ചെയ്യാനും സഹായിക്കും.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- ✓ ദുരന്ത തയ്യാറെടുപ്പുകൾ, കേരളത്തിന്റെ കാലാവസ്ഥാ അപകടസാധ്യതകൾ, ലഭ്യമായ അടിയന്തിര സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിഥി തൊഴിലാളികൾക്കായി ബോധവൽക്കരണ പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ നൽകുക.
- ✓ അതിഥി തൊഴിലാളികൾക്ക് തിരിച്ചറിയൽ ഡോക്യുമെന്റേഷനും അടിസ്ഥാന സേവനങ്ങളും ഉറപ്പാക്കുക.
- ✓ സമ്പാദ്യ പദ്ധതികൾ, മൈക്രോ ഇൻഷുറൻസ്, സാമ്പത്തിക സാക്ഷരതാ പരിപാടികൾ എന്നിവയിലൂടെ അതിഥി തൊഴിലാളികൾക്ക് സാമ്പത്തിക ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുക.
- ✓ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും സമൂഹത്തിനും അതിഥി തൊഴിലാളികളുടെ സംഭാവനകൾ ഉയർത്തിക്കാട്ടി ഉൾച്ചേർക്കലിനെ പ്രോത്സാഹിപ്പിക്കുന്നതിനും (Positive image building) വംശീയ വിദ്വേഷത്തെ (Xenophobia) ചെറുക്കുന്നതിനുമുള്ള ആശയവിനിമയ തന്ത്രങ്ങൾ വികസിപ്പിക്കുക.

“

# അതിഥി തൊഴിലാളികളെ ദുരന്ത പ്രതിരോധം, തയ്യാറെടുപ്പ്, അടിയന്തര പ്രതികരണ സംവിധാനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ല ദുരന്ത നിവാരണ അതോറിറ്റികളും വകുപ്പുകളും മറ്റ് പങ്കാളികളും അവരുടെ ദുരന്ത നിവാരണ നയങ്ങളിലും സംവിധാനങ്ങളിലും അതിഥി തൊഴിലാളികളുടെ സാന്നിധ്യം, ദുർബലതകൾ, ശേഷി എന്നിവ തിരിച്ചറിയുന്നുവെന്ന് ഉറപ്പാക്കണം. ദുരന്ത സാധ്യത കുറയ്ക്കൽ (ഡിആർആർ), തയ്യാറെടുപ്പ്, പ്രതികരണം എന്നിവയിൽ അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുന്ന ഫലപ്രദമായ ചട്ടക്കൂടുകൾ തയ്യാറാക്കുകയും, പ്രകൃതിദുരന്തങ്ങളിൽ പ്രതിരോധശേഷി ഉയർത്തുകയും ചെയ്യണം. ജില്ല ദുരന്ത നിവാരണ പദ്ധതിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതിയിലും സ്ഥാപനതല ദുരന്ത നിവാരണ പദ്ധതിയിലും ഇത് ഉൾപ്പെടുത്തേണ്ടതാണ്. ഭാഷാ തടസ്സങ്ങൾ, അസ്ഥിരമായ അവസ്ഥകൾ തുടങ്ങിയ അതിഥി തൊഴിലാളികളുടെ നിർദ്ദിഷ്ട ആവശ്യങ്ങൾ അവഗണിക്കുന്നത് പ്രതികരണങ്ങളെ ഫലപ്രദമാക്കില്ല. ആസൂത്രണത്തിൽ അതിഥി തൊഴിലാളികളെയും മുഖ്യധാര സമൂഹത്തെയും ഒന്നിച്ചു ഉൾപ്പെടുത്തുന്നത് അവരുടെ ആവശ്യങ്ങളെക്കുറിച്ച് മികച്ച ധാരണ ഉറപ്പാക്കുകയും അതിഥി തൊഴിലാളി സമൂഹങ്ങളും സേവന ദാതാക്കളും തമ്മിലുള്ള വിശ്വാസം വളർത്തുകയും ചെയ്യുന്നു.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- ✓ അതിഥി തൊഴിലാളികളുടെ ഭാഷാപരമായ കഴിവുകൾ, സാംസ്കാരിക ഉൾക്കാഴ്ചകൾ, അതിഥി തൊഴിലാളി സമൂഹത്തിനുള്ളിലെ ബന്ധങ്ങൾ പോലുള്ള വിലയേറിയ വിഭവങ്ങൾ ഉൾപ്പെടുത്തുന്നത് പ്രതികരണ നടപടികൾ മെച്ചപ്പെടുത്താൻ സഹായിക്കും.
- ✓ അതിഥി തൊഴിലാളികളെ അവരുടെ സവിശേഷമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ദേശീയവും, സംസ്ഥാന ജില്ലാ തലത്തിലുള്ളതും, പ്രാദേശികവുമായ തയ്യാറെടുപ്പ് ചട്ടക്കൂടുകളിൽ ഉൾപ്പെടുത്തുക.
- ✓ ദുരന്ത മുന്നൊരുക്കങ്ങളിലും പ്രതികരണ പരിപാടികളിലും സന്നദ്ധപ്രവർത്തകരായോ പരിപാടികളുടെ ഭാഗമായോ അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുക.

“

# അതിഥി തൊഴിലാളികളെ ദുരന്ത സമയത്തുള്ള അടിയന്തിര ആസൂത്രണത്തിൽ ഏർപ്പെടുത്തുകയും അവരുടെ നിർദിഷ്ട ആവശ്യങ്ങളും ശേഷികളും അഭിസംബോധന ചെയ്യുകയും ചെയ്യുക.

സുരക്ഷിത സ്ഥാനങ്ങളിലേക്കുള്ള മാറ്റി പാർപ്പിക്കൽ, താൽക്കാലിക അഭയ സ്ഥാനങ്ങൾ കണ്ടുപിടിക്കൽ,
ആരോഗ്യപരിപാലനം, സാമൂഹിക
പിന്തുണ തുടങ്ങിയ അതിഥി തൊഴിലാളികളുടെ നിർദ്ദിഷ്ട ആവശ്യകതകൾ അടിയന്തിര പദ്ധതികളിൽ സമന്വയിപ്പിക്കണം. കുട്ടികൾ, മനുഷ്യക്കടത്തിന് ഇരയായവർ,
പ്രായമായ അതിഥി തൊഴിലാളികൾ, ഭിന്നശേഷിക്കാർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം. പതിവായി പരീക്ഷിക്കുന്ന പ്രായോഗികവും
പൊരുത്തപ്പെടാവുന്നതുമായ പദ്ധതികൾ പ്രതിസന്ധികളെ ഫലപ്രദമായി നേരിടാനുള്ള സന്നദ്ധത ഉറപ്പാക്കുന്നു.
ദുരന്ത സമയത്തെ ആകസ്മിക ആസൂത്രണത്തിൽ അതിഥി തൊഴിലാളികളെയും മുഖ്യധാര സമൂഹത്തെയും ഉൾപ്പെടുത്തുന്നത് ആസൂത്രണത്തിൽ സംഭവിച്ചേക്കാവുന്ന വിടവുകൾ തിരിച്ചറിയുകയും ഭാഷാ തടസ്സങ്ങളെ അഭിസംബോധന ചെയ്യുന്നത് പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. തൊഴിലുടമകളും റിക്രൂട്ട്മെന്റ് ഏജൻസികളും അതിഥി തൊഴിലാളികൾക്കും അവരുടെകുടുംബങ്ങൾക്കുമായി അടിയന്തിര പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. അടിയന്തിര പ്രതികരണ സംവിധാനങ്ങളും അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകളും തമ്മിലുള്ള സംയുക്ത ആസൂത്രണം കാര്യക്ഷമമായ വിഭവ പങ്കിടലും അപകട സാധ്യതകളെക്കുറിച്ചുള്ള
പൊതുവായ ധാരണയും ഉറപ്പാക്കുന്നു.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- വിഭവ സമാഹരണത്തിനും വിഭവങ്ങൾ പങ്കിടുന്നതിനും അതിഥി തൊഴിലാളികളെ സഹായിക്കുന്നതിനുമായി മൾട്ടിസ്റ്റേക്ഹോൾഡർ അടിയന്തിര പദ്ധതികൾ വികസിപ്പിക്കുക.
- സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി താമസിപ്പിക്കൽ ഉൾപ്പടെയുള്ള ദുരന്ത പ്രതികരണ സംവിധാനങ്ങളെ സംബന്ധിച്ചു അധികാരികൾക്ക് മാർഗ നിർദേശം നൽകുന്നതിനുള്ള ജാഗ്രത സംവിധാനം രൂപപ്പെടുത്തുക.
- പദ്ധതികൾ പരിശോധിക്കുന്നതിനും പരിഷ്കരിക്കുന്നതിനും അതിഥി തൊഴിലാളികളുടെ പങ്കാളിത്തത്തോടെ മോക്ഡ്രിൽസ്/ ടേബിൾ ടോപ് ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന ഇന്റർഏജൻസി ഗ്രൂപ്പുകൾക്കായുള്ള അടിയന്തിര പദ്ധതികൾ സൃഷ്ടിക്കുക.

“

# അതിഥി തൊഴിലാളികളുമായി ഫലപ്രദമായ ആശയ വിനിമയം ഉറപ്പാക്കുക.

ദുരന്തസാധ്യതകൾ, ലഭ്യമായ സഹായം, പ്രതികരണ പ്രോട്ടോക്കോളുകൾ എന്നിവയെക്കുറിച്ച് അതിഥി തൊഴിലാളികളെ അറിയിക്കാൻ വ്യക്തവും എളുപ്പം ലഭ്യമായ രീതിയിലുമുള്ള ആശയവിനിമയം അത്യന്താപേക്ഷിതമാണ്. ഭാഷ, സാംസ്കാരിക വ്യത്യാസങ്ങൾ, വിഭവ ലഭ്യത വെല്ലുവിളികൾ എന്നിവ അഭിസംബോധന ചെയ്യണം. പ്രതിസന്ധികൾ പരമ്പരാഗത ആശയവിനിമയ മാർഗങ്ങളെ തടസ്സപ്പെടുത്തുകയും നൂതനവും വൈവിധ്യമാർന്നതുമായ സമീപനങ്ങൾ സ്ഥാപിക്കൽ നിർണായകമാക്കുകയും ചെയ്യും.
അസ്ഥിരമായ ദേശസഞ്ചാര നില, ഒറ്റപ്പെടൽ, ജോലിയുടെ ഭാഗമായി വന്നേക്കാവുന്ന വൈകല്യങ്ങൾ പോലുള്ള അതിഥി തൊഴിലാളികളുടെ വൈവിധ്യമാർന്ന സാഹചര്യങ്ങൾ ആശയവിനിമയ ശ്രമങ്ങൾ പരിഗണിക്കണം. ഗാർഹിക ജോലിയിലുള്ള സ്ത്രീകൾ, കുട്ടികൾ,
പ്രായമായ അതിഥി തൊഴിലാളികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള രീതികൾ ആവശ്യമായി വന്നേക്കാം. അതിഥി തൊഴിലാളികൾ, പ്രാദേശിക നേതാക്കൾ/ സാമൂഹിക പ്രവർത്തകർ, വിവിധ സംഘടനകൾ എന്നിവരുമായി ഇടപഴകുന്നത് ആശയവിനിമയത്തിന്റെ വ്യാപ്തിയും വിശ്വാസ്യതയും വർദ്ധിപ്പിക്കും.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- ✓ ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രചരിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ, മൊബൈൽ ആപ്ലിക്കേഷനുകൾ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് പരിപാടികൾ എന്നിവ പോലുള്ള ഒന്നിലധികം മാർഗങ്ങൾ ഉപയോഗിക്കുക.

- ✓ അതിഥി തൊഴിലാളികളുടെ ഭാഷകളിലും,നിരക്ഷരരായവർക്കും, ഭിന്നശേഷിയുള്ള വ്യക്തികൾക്കും വിനിമയം ചെയ്യാനുതകുന്ന ഉൾച്ചേർന്ന ആശയവിനിമയ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

- ✓ അതിഥി തൊഴിലാളികളുമായി ദ്വിമുഖ ആശയവിനിമയത്തിനും സംശയ നിവാരണത്തിനുമായി ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും ബഹുമുഖ ഭാഷ സൗകര്യമുള്ള ഹെൽപ്പ് ലൈനുകളും കോൾ സെന്ററുകളും സ്ഥാപിക്കുക.

- ✓ വിനിമയം എത്തിച്ചേരാൻ പ്രയാസമുള്ള അതിഥി തൊഴിലാളി ജനവിഭാഗങ്ങളിലേക്ക് എത്തിച്ചേരാൻ മുഖ്യധാര സമൂഹം, അതിഥി തൊഴിലാളി സമൂഹങ്ങൾ, വിവിധ സംഘടനകൾ എന്നിവയുമായി പങ്കാളികളാക്കിക്കൊണ്ടുള്ള ആശയവിനിമയ ചട്ടക്കൂട് പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുക.

- ✓ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുക.

“

# വിഭവങ്ങൾ പരമാവധി സമാഹരിക്കുന്നതിനും കൃത്യമായി വിതരണം ചെയ്യുന്നതിനും ദുരന്ത നിവാരണ പ്രക്രിയയിൽ വിശ്വാസ്യത കെട്ടിപ്പടുക്കുന്നതിനുമായി ദുരന്തത്തിന് മുമ്പുള്ള ഏകോപന രൂപരേഖകൾ സ്ഥാപിക്കുക.

ദേശീയ സംസ്ഥാന പ്രാദേശിക സർക്കാരുകൾ, അന്താരാഷ്ട്ര സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ, മുഖ്യധാര സമൂഹം എന്നിവയുൾപ്പെടെയുള്ള പങ്കാളികൾ വിഭവങ്ങൾ
സമാഹരിക്കുന്നതിനും ഉത്തരവാദിത്വങ്ങൾ നിർവചിക്കുന്നതിനും പ്രതികരണങ്ങൾ കാര്യക്ഷമമാക്കുന്നതിനും ദുരന്ത സംബന്ധിയായ പ്രതിസന്ധികൾക്ക് മുമ്പ് തന്നെ നയരൂപീകരണം നടത്തേണ്ടതുണ്ട്. കൃത്യമായ ഉൾച്ചേർന്ന ഏകോപനം കാര്യക്ഷമത മെച്ചപ്പെടുത്തുകയും, അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ സമഗ്രമായി പരിഹരിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.
വ്യക്തി പരിശോധന, സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപാർപ്പിക്കാനുള്ള പദ്ധതികൾ, വിഭവ പങ്കിടൽ, അതിഥി തൊഴിലാളികളുടെ സ്വദേശ പ്രാദേശിക സർക്കാരിന്റെ പിന്തുണ എന്നിവ തീരുമാനിക്കാൻ ദുരന്തത്തിന് മുമ്പുള്ള നയരൂപീകരണങ്ങൾക്ക് കഴിയും. ഈ ചർച്ചകളിൽ അതിഥി തൊഴിലാളികളെയും മുഖ്യധാര സമൂഹത്തെയും ഉൾപ്പെടുത്തുന്നത് അതിഥി തൊഴിലാളികളുടെ ആവശ്യങ്ങളെയും വെല്ലുവിളികളെയും കുറിച്ചുള്ള ഉൾക്കാഴ്ചകളാൽ ആസൂത്രണത്തെ ഉൾച്ചേർന്നതാക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള അതിഥി തൊഴിലാളികൾ ഉള്ളതുകൊണ്ട് തന്നെ വിവിധ പ്രദേശങ്ങളിലെ സർക്കാരുകൾ, ദുരന്ത നിവാരണ അതോറിറ്റികൾ/പങ്കാളികൾ തമ്മിലുള്ള ഏകോപനം അത്യന്താപേക്ഷിതമാണ്.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- ✓ ദുരന്തപ്രതിരോധം, ഒഴിപ്പിക്കൽ, വിഭവ വിഹിതം എന്നിവയ്ക്കായി വിവിധ തലങ്ങളിലായുള്ള മൾട്ടിസ്റ്റേക്ക്ഹോൾഡർ സഹകരണത്തിനായുള്ള രൂപരേഖ ഉണ്ടാക്കുക.
- ✓ അതിഥി തൊഴിലാളി കേന്ദ്രീകൃത ദുരന്ത തയ്യാറെടുപ്പുകൾക്കായി വിവിധ സംസ്ഥാനങ്ങൾ/ രാജ്യങ്ങൾ, അവരുടെ സർക്കാരുകൾ, ദുരന്ത നിവാരണ ഭരണ സംവിധാനങ്ങൾ എന്നിവയുമായി സഹകരണം വികസിപ്പിക്കുക.
- ✓ പരിമിതമായ നയതന്ത്ര സാന്നിധ്യമുള്ള സംസ്ഥാനങ്ങളിലെ/രാജ്യങ്ങളിലെ അതിഥി തൊഴിലാളികളെ സഹായിക്കുന്നതിന് പ്രഭവ സംസ്ഥാനവും ആതിഥേയ സംസ്ഥാനവും തമ്മിൽ ദുരന്ത നിവാരണ നയ രൂപീകരണ കരാറുകൾ രൂപീകരിക്കുക.

“

# ദുരന്ത പ്രതികരണത്തിനും വീണ്ടെടുക്കലിനുമായി സമൂഹത്തിന്റെ ശേഷി വർദ്ധിപ്പിക്കുകയും പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകരേഖകൾ സ്ഥാപിക്കുക.

പരിമിതമായ വിഭവങ്ങളും സാങ്കേതിക വൈദഗ്ധ്യവും പ്രതികരണങ്ങളെ തടസ്സപ്പെടുത്തും എന്നതിനാൽ തന്നെ അതിഥി തൊഴിലാളികളുടെ അടിയന്തിര വീണ്ടെടുക്കൽ നടപടികൾ വർദ്ധിപ്പിക്കുന്നതിന് പരിശീലനം, ധനസഹായം, അറിവ് പങ്കിടൽ എന്നിവയുൾപ്പെടെയുള്ള തുടർച്ചയായ ശേഷി വികസന ശ്രമങ്ങൾ അനിവാര്യമാണ്.
ഉൾച്ചേർന്ന ദുരന്ത തയ്യാറെടുപ്പിൽ ദുരന്ത പ്രതികരണത്തിനായി സമൂഹത്തിലെ ഓരോ വ്യക്തിയെയും തയ്യാറാക്കുക, പരിശീലിപ്പിക്കുക, ഇതര സംസ്ഥാന സഹകരണ സേവനങ്ങൾ മെച്ചപ്പെടുത്തുക, ഫണ്ടിംഗ് സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നു.

പുനരധിവാസം, ദുരന്താനന്തര തൊഴിൽ വീണ്ടെടുപ്പ്, അവശേഷിക്കുന്ന വിഭവങ്ങളുടെ ലഭ്യത തുടങ്ങിയ ദുരന്താനന്തര വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നത് അതിഥി തൊഴിലാളികളുടെ വീണ്ടെടുക്കലിനെ വേഗത്തിലാക്കാൻ അനിവാര്യമാണ്. മുൻകാല പ്രതികരണങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും പങ്കാളികളെ അവരുടെ തന്ത്രങ്ങൾ പരിഷ്കരിക്കാനും വിടവുകൾ ഫലപ്രദമായി പരിഹരിക്കാനും സഹായിക്കുന്നു. അതിനാൽ അത്തരം നിരീക്ഷണങ്ങളും പഠനങ്ങളും പ്രോത്സാഹിപ്പിക്കേണ്ടത് ദുരന്ത നിവാരണത്തിൽ ഉൾച്ചേർക്കലിന് കൂടുതൽ ഉപയോഗപ്രദമാണ്.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- അതിഥി തൊഴിലാളികളുടെ ദുർബലതകളും ആവശ്യങ്ങളും വിലയിരുത്തുന്നതിൽ ദുരന്ത പ്രതികരണത്തിൽ പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്കും സേനകൾക്കും പരിശീലനം നൽകുക.
- അതിഥി തൊഴിലാളി കേന്ദ്രീകൃത ദുരന്ത പ്രതികരണങ്ങൾക്കായി സമർപ്പിത ധനസഹായം അനുവദിക്കുക.
- വൈവിധ്യമാർന്ന അതിഥി തൊഴിലാളി ആവശ്യങ്ങൾക്കായി വിവര വിഭവ സംവിധാനങ്ങളും വിദഗ്ദ്ധ പട്ടികകളും സ്ഥാപിക്കുക.
- പൊതുവായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിന് സ്റ്റേക്ക് ഹോൾഡേഴ്സിനിടയിൽ പിയർടുപിയർ പഠനം സുഗമമാക്കുക.
- ദുരന്തനിവാരണ/ മാറ്റിപാർപ്പിക്കൽ പ്രോട്ടോക്കോളുകളിൽ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക.

“

# ദുരന്ത പ്രതികരണം.

ദുരന്തം സംഭവിക്കുന്ന ഘട്ടത്തിൽ, സ്റ്റേക്ക് ഹോൾഡേഴ്സ് നേരത്തെ നിശ്ചയിച്ച ദുരന്ത തയ്യാറെടുപ്പ് നടപടികൾ/ ഉത്തരവാദിത്വങ്ങൾ നടപ്പാക്കേണ്ടതുണ്ട്. എന്നിരുന്നാലും, ഈ നടപടികൾ നിലവിലുണ്ടെങ്കിലും, സംസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ, ഇന്റർ ഏജൻസി ഗ്രൂപ്പുകൾ, മുഖ്യധാര സമൂഹം എന്നിവ അനിവാര്യമായും അപ്രതീക്ഷിത വെല്ലുവിളികൾ നേരിടേണ്ടിവരും. അപ്രതീക്ഷിത സങ്കീർണ്ണതകളെ കാര്യക്ഷമമായി നേരിടുന്നതിനും ദുരന്തം നടക്കുമ്പോൾ ഉയർന്നുവരുന്ന ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതിനും വേഗത്തിൽ തീരുമാനങ്ങൾ എടുക്കുകയും താൽക്കാലിക ക്രമീകരണങ്ങൾ സ്ഥാപിക്കുകയും വേണം.

“

# ദുരന്തസമയത്ത് അതിഥി തൊഴിലാളികളുമായി സമഗ്രമായ ആശയവിനിമയം പ്രോത്സാഹിപ്പിക്കുക.

ദുരന്ത സമയത്തെ പ്രതിസന്ധി വികസിക്കുമ്പോൾ, മാറുന്ന സാഹചര്യത്തെക്കുറിച്ചും സഹായത്തിന്റെ ലഭ്യതയെക്കുറിച്ചും അതിഥി തൊഴിലാളികളെ അറിയിക്കാൻ ഫലപ്രദവും സ്ഥായിയുമായ ആശയവിനിമയം അത്യന്താപേക്ഷിതമാണ്. അപകടസാധ്യതകളെക്കുറിച്ചും ലഭ്യമായ സഹായത്തെക്കുറിച്ചും സമയബന്ധിതമായ അപ്ഡേറ്റുകൾ നൽകുന്നതിന് ഔപചാരികവും അനൗപചാരികവുമായ ആശയവിനിമയ ചാനലുകൾ ഉപയോഗിക്കണം.
ഔട്ട്റീച്ച് വർദ്ധിപ്പിക്കുന്നതിന് ആശയവിനിമയം ഇൻഫോഗ്രാഫിക്സ്, ഓഡിയോ സന്ദേശങ്ങൾ, അച്ചടിച്ച മെറ്റീരിയലുകൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന രീതികൾ ഉപയോഗിക്കണം. സ്ഥിരമായി ദേശസഞ്ചാരം ചെയ്യുന്ന അതിഥി തൊഴിലാളികൾ, ഉൾപ്രദേശങ്ങളിലുള്ളവർ അല്ലെങ്കിൽ സാമൂഹിക ശൃംഖലകളിലേക് പരിമിതമായി മാത്രം എത്താൻ കഴിയുന്നവർക്ക് തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ പോലും എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുക. വൈവിധ്യമാർന്ന അതിഥി തൊഴിലാളി സമൂഹങ്ങളുടെ ഇടപഴകുന്നത് ആവശ്യങ്ങളുടെ വിലയിരുത്തലുകളുടെ കൃത്യത മെച്ചപ്പെടുത്തുകയും അടിയന്തിര പ്രതികരണങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- വിവിധ ഔദ്യോഗിക/ അനൗദ്യോഗിക ചാനലുകൾ വഴി ബഹുഭാഷാ മുന്നറിയിപ്പുകൾ കൃത്യമായ ഇടവേളകളിൽ സംസ്ഥാന ജില്ല പ്രാദേശിക തലങ്ങളിൽ പതിവായി നൽകുക.
- ഭാഷാപരമായി വൈവിധ്യമാർന്ന വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ/ സന്നദ്ധസേവകരെ ഉൾക്കൊള്ളുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും പ്രവർത്തനക്ഷമമായി മുന്നോട്ട് പോകുന്നു എന്ന് ഉറപ്പുവരുത്തുക.
- ഒറ്റപ്പെട്ടതോ സ്ഥിരം ദേശസഞ്ചാരം ചെയ്യുന്നതോ ആയ അതിഥി തൊഴിലാളികളെ ബന്ധപ്പെടാൻ ലിങ്കെജ് വർക്കേഴ്സ് /സന്നദ്ധപ്രവർത്തകർ വഴി ശ്രമിക്കുക.
- വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള അതിഥി തൊഴിലാളി പിന്തുണാ കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുക.
- പ്രാദേശിക അവസ്ഥകളെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ നൽകുന്നതിൽ അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുക.
- ആതിഥേയ സംസ്ഥാന അധികാരികളുടെ നേതൃത്വത്തിൽ സാഹചര്യ ഹ്രസ്വ അവലോകനങ്ങൾ അതിഥി തൊഴിലാളികളുടെ പ്രഭവ സംസ്ഥാനങ്ങളുമായി കൃത്യമായ ഇടവേളകളിൽ നടത്തുക.

“

# അതിഥി തൊഴിലാളികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ പ്രാപ്തരാക്കുകയും താത്കാലിക താമസത്തിന് സൗകര്യം ഒരുക്കുകയും ചെയ്യണം.

ദുരന്ത സാഹചര്യങ്ങളിൽ, അതിഥി തൊഴിലാളികൾക്ക് പലപ്പോഴും ആതിഥേയ സംസ്ഥാനത്തിനുള്ളിൽ താമസം മാറുകയോ അല്ലെങ്കിൽ അപകടത്തിൽ നിന്ന് രക്ഷപ്പെടാൻ സംസ്ഥാന അതിർത്തികൾ കടക്കുകയോ ചെയ്യേണ്ടതുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ ദേശസഞ്ചാര പ്രക്രിയകളെ സുഗമമാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും ആവശ്യമാണ്. പല അതിഥി തൊഴിലാളികൾക്കും ഡോക്യുമെന്റേഷൻ നഷ്ടപ്പെടുകയോ ഇല്ലാതിരിക്കുകയോ അവരുടെ ചലനാത്മകതയെ തടസ്സപ്പെടുത്തുന്ന സാമ്പത്തികവും നിയമപരവുമായ തടസ്സങ്ങൾ നേരിടുകയോ ചെയ്യാം. സാധുവായ ഐഡന്റിറ്റി, യാത്രാ രേഖകൾ എന്നിവയുടെ വേഗത്തിലുള്ള വീണ്ടെടുപ്പ് സഞ്ചരിക്കുന്നതിനോ പ്രാഥമിക സൗകര്യങ്ങൾ ചെയ്യുന്നതിനോ അത്യാവശ്യമാണ്. സുരക്ഷിതമായ സ്ഥാനങ്ങളിലേക്ക് മാറി താമസിക്കൽ സാധ്യമാക്കുന്നതിന് സംസ്ഥാനങ്ങൾ ഡോക്യുമെന്റ് വിതരണം വേഗത്തിലാക്കുകയും ഫീസുകൾ നീക്കം ചെയ്യുകയും വേണം.

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- ✓ എക്സിറ്റ്, എൻട്രി, സ്റ്റേ ആവശ്യകതകൾക്കുള്ള ഇളവുകൾ ദുരന്ത സമയത്തു അത്യാവശ്യമാണ്.
- ✓ പകര രേഖകൾ ദ്രുതഗതിയിൽ വിതരണം ചെയ്യുക.
- ✓ താൽക്കാലികമെങ്കിലും മാനുഷികമായ സുരക്ഷിത സ്ഥാനവും പരിരക്ഷയും നൽകുക.

“

# വിവേചനരഹിതമായ മാനുഷിക സഹായം ഉറപ്പാക്കുക.

ദുരന്ത ഘട്ടങ്ങളിൽ അതിഥി തൊഴിലാളികൾ ഉൾപ്പെടെ ദുരിതബാധിതരായ എല്ലാ ജന ങ്ങൾക്കും ജീവൻ രക്ഷിക്കുന്ന മാനുഷിക സഹായം നൽകുന്നത് പരമപ്രധാനമാണ്. വംശീയത, ദേശീയത, സംസ്കാരം, സമുദാ യം തുടങ്ങി മറ്റ് ഘടകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവേചനമില്ലാതെ, ആവശ്യത്തി ന്റെ അടിസ്ഥാനത്തിൽ സഹായം നൽകണം. ഒറ്റപ്പെട്ടതോ ചൂഷണപരമോ ആയ സാഹ ചര്യങ്ങളിലുള്ള അതിഥി തൊഴിലാളികൾ ക്ക് പ്രത്യേകിച്ചും സഹായം ലഭിക്കുന്നതിന് സാമ്പത്തികമോ ശാരീരികമോ വ്യവസ്ഥാ പിതമോ ആയ തടസ്സങ്ങൾ നേരിടുന്നവ ർക്ക് പ്രത്യേക പിന്തുണ ആവശ്യമായി വന്നേക്കാം.

ചൂഷണത്തിന്റെ അപകടസാധ്യതകൾ, ഗർഭി ണികൾ അല്ലെങ്കിൽ പ്രായമായവർ പോലുള്ള നിർദ്ദിഷ്ട സമൂഹങ്ങൾക്ക് സഞ്ച രിക്കാനുള്ള വെല്ലുവിളികൾ പോലുള്ള ദുർ ബലതകൾ ദുരന്ത സമയങ്ങൾ പലപ്പോഴും വർദ്ധിപ്പിക്കുന്നു. സ്റ്റേക്ക് ഹോൾഡേഴ്സ് ഉയർന്നുവരുന്ന ആവശ്യങ്ങൾ മുൻകൂട്ടി കാ ണുകയും നടപടിക്രമങ്ങളിലേക്കും താൽ ക്കാലിക സംരക്ഷണ നടപടികളിലേക്കും പ്ര വേശനം ഉറപ്പാക്കുകയും വേണം.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- ✓ അതിഥി തൊഴിലാളികളുടെ ചലനങ്ങളും ആവശ്യങ്ങളും നിരീക്ഷിക്കുന്നതിനുള്ള സ്ഥാ നചലന ട്രാക്കിംഗ് സംവിധാനം സ്ഥാപിക്കണം.
- ✓ ലിംഗ അടിസ്ഥാനത്തിലുള്ള, പ്രായത്തിനെ അടിസ്ഥാനമാക്കിയുള്ള അല്ലെങ്കിൽ വിവിധ ദുർബലതകൾ ഉണ്ടെങ്കിൽ അതുകൂടി പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക സഹായം ലഭ്യ മാക്കണം.
- ✓ പ്രായപൂർത്തിയാകാത്തവർ ഉൾപ്പെടെയുള്ള അതിഥി തൊഴിലാളി കുട്ടികൾക്ക് സംരക്ഷ ണം.
- ✓ കുടുംബ പുനരുജ്ജീവന സേവനങ്ങൾ പ്രത്യേക ദുർബലതകളും ആവശ്യങ്ങളും മനസ്സി ലാക്കി നടപ്പിലാക്കണം.
- ✓ ദുർബലരായ അതിഥി തൊഴിലാളികളിലേക്ക് എത്തിച്ചേരാൻ മൊബൈൽ ടീമുകളെ നിയോഗിക്കണം.

“

# കൃത്യമായ റഫറൽ സംവിധാനങ്ങൾ സ്ഥാപിക്കുക.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- പ്രത്യേക ആവശ്യങ്ങളുള്ള അതിഥി തൊഴിലാളികളെ ദ്രുതഗതിയിൽ തിരിച്ചറിയുകയും റഫറൽ ചെയ്യുകയും ചെയ്യുക.
- ദുർബല വിഭാഗങ്ങൾക്കായി അന്താരാഷ്ട്ര സംഘടനകളുമായുള്ള ഏകോപനം.
- ദുരന്ത സമയങ്ങളിലെ മാറ്റിപാർപ്പിക്കലുമായി സംബന്ധിച്ച ചലനങ്ങൾക്കും ദുരന്തനാന്തര നഷ്ടപരിഹാര പ്രക്രിയകൾക്കുമായി ഇതര സംസ്ഥാനങ്ങളിലെ ദുരന്ത നിവാരണ അതോറിറ്റികളുമായി ബന്ധം പുലർത്തുകയും നയ രൂപീകരണം നടത്തേണ്ടതുമുണ്ട്.

“

# സുരക്ഷിതമായ ഒഴിപ്പിക്കലും പുനരധിവാസവും സുഗമമാക്കുക

പ്രാദേശിക സംരക്ഷണം പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിൽ, അതിഥി തൊഴിലാളികളെ ആതിഥേയ സംസ്ഥാനത്തു തന്നെയോ അതിർത്തിക്കപ്പുറത്തോ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കേണ്ടി വന്നേക്കാം. ദുരിതബാധിതരായ അതിഥി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സമഗ്രമായ മാറ്റിപ്പാർപ്പിക്കൽ പദ്ധതികളും താൽക്കാലിക ക്രമീകരണങ്ങളും നിർണായകമാണ്. സംസ്ഥാനങ്ങളും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സും തമ്മിലുള്ള ഏകോപനം മാറ്റിപ്പാർപ്പിക്കൽ ശ്രമങ്ങൾ നടപ്പിലാക്കാനും ദുർബല സമൂഹങ്ങൾക്ക് പുനരധിവാസ സംരക്ഷണം ഉറപ്പാക്കാനും കഴിയും.
നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

### നിർദേശിക്കുന്ന പ്രവർത്തനങ്ങൾ

- ✓ വിവരങ്ങൾ ബോധ്യപ്പെടുത്തിയുള്ള സമ്മതത്തോടെ മാറ്റിപാർപ്പിക്കൽ നടപടി ക്രമം രൂപീകരിക്കുക.
- ✓ സ്ഥലം മാറ്റ ശ്രമങ്ങളിൽ ബഹുതല പങ്കാളിത്ത സഹകരണം ഉറപ്പുവരുത്തുക.
- ✓ വിവിധ ദേശീയതകളുള്ള അതിഥി തൊഴിലാളി കുടുംബങ്ങൾക്കുള്ള പിന്തുണ/പുനരധിവാസ നടപടി ക്രമം രൂപീകരിക്കുക. (ബംഗ്ലാദേശ്, നേപ്പാൾ മുതലായവയിൽ നിന്നുള്ളവർക്ക്).
- ✓ മാറ്റിപാർപ്പിക്കൽ ലോജിസ്റ്റിക്സിനായി വിവിധ ഡിപ്പാർട്മെന്റുകൾ, ഇന്റർ ഏജൻസി ഗ്രൂപ്പുകൾ, ഇതര സംസ്ഥാനങ്ങളിലെ അതോറിറ്റി എന്നിവയുമായുള്ള സംയോജിത നടപടി ക്രമം ചിട്ടപ്പെടുത്തുക. കൃത്യമായി ഉത്തരവാദിത്വങ്ങൾ പ്രാദേശിക തലം മുതൽ ദേശീയ തലം വരെ രൂപപ്പെടുത്തേണ്ടതാണ്.

“

# ദുരന്താനന്തര വീണ്ടെടുപ്പ്.

ദുരന്ത നിവാരണ ചട്ടക്കൂടിൽ അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുമ്പോൾ വേഗത്തിൽ വീണ്ടെടുക്കൽ നടത്താൻ കഴിയുമെന്ന് ഉറപ്പാക്കുന്ന ദുരന്താനന്തര നടപടി ക്രമങ്ങൾ അത്യന്താപേക്ഷിതമാണ്. സുരക്ഷിതവും അന്തസ്സുള്ളതും ഉൽപാദനക്ഷമവുമായ ജീവിതം വീണ്ടെടുക്കാനുള്ള പ്രക്രിയയിൽ അവരുടെ സാംസ്കാരികവും സാമൂഹികസാമ്പത്തികവുമായ കഴിവുകളും ശേഷിയും, ഓരോ ജനസമൂഹത്തിന്റെയും സ്വഭാവസവിശേഷതകൾ, ശാരീരികവും വൈകാരികവുമായ ക്ഷേമം, ആതിഥേയ സംസ്ഥാനത്തെ അനുഭവങ്ങൾ തുടങ്ങിയവ പുനരുജ്ജീവനത്തിനെ നേരിട്ട് സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ദുരന്താനന്തരം അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ശ്രമങ്ങളിൽ അവർ സുരക്ഷിത സ്ഥാനങ്ങളിലേക്ക് തന്നെയാണോ താത്കാലിക ക്യാമ്പുകളിൽ നിന്ന് മടങ്ങുന്നത്,
സ്വദേശങ്ങളിലേക്ക് തിരിച്ചുപോകേണ്ടവർക്ക് അതിനുള്ള സൗകര്യമൊരുക്കൽ, ആതിഥേയ സംസ്ഥാനത്തു തുടരുന്നുണ്ടെങ്കിലും അതിനുള്ള സൗകര്യമൊരുക്കൽ എന്നിവ പരിഗണിക്കുകയും പരിഗണനയിൽ അഥിതി തൊഴിലാളികളുടെ കുടുംബങ്ങൾ, ആതിഥേയ സമൂഹങ്ങൾ എന്നിവരെക്കൂടി ഉൾച്ചേർക്കേണ്ടതുണ്ട്.

“

# അടിയന്തര ആവശ്യങ്ങളെ അഭിസംബോധന ചെയ്യുകയും ജീവിതം പുനർനിർമ്മിക്കാൻ അതിഥി തൊഴിലാളികളെ പിന്തുണയ്ക്കുകയും ചെയ്യുക.

കേരളത്തിലെ അതിഥി തൊഴിലാളികളുടെ ദുരന്താനന്തര വീണ്ടെടുക്കൽ, അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിലും ദീർഘകാല പുനർനിർമ്മാണ ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം. സാമ്പത്തിക സ്രോതസ്സുകൾ, സുരക്ഷിതമായ ഭവനം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, പൊതു വിഭവങ്ങൾ എന്നിവയിലുള്ള പരിമിതമായ ലഭ്യത അതിഥി തൊഴിലാളികളുടെ ദുർബലതകൾ വർദ്ധിപ്പിക്കുന്നു.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- ✓ ഭക്ഷണം, വെള്ളം, താൽക്കാലിക പാർപ്പിടം തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര സാമ്പത്തിക സഹായം നൽകുക.
- ✓ താൽക്കാലിക പാർപ്പിട സൗകര്യങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ദുരന്തത്തെ അതിജീവിക്കുന്ന ഷെൽട്ടറുകൾക്കായുള്ള പുനർനിർമ്മാണ ശ്രമങ്ങൾക്ക് മുൻഗണന നൽകുന്നതിനും നയങ്ങൾ വികസിപ്പിക്കുക.
- ✓ കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങൾ വഴി സാമൂഹിക മാനസിക പിന്തുണയും പുനരധിവാസവും ഉൾപ്പെടെ സൗജന്യ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക.
- ✓ ദുരന്തസമയത്ത് ഒറ്റപ്പെട്ട അതിഥി തൊഴിലാളികളുടെ കുടുംബ ഏകീകരണത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. ഇതിനായി പ്രാദേശിക സംഘടനകളെയും ദേശീയ തലത്തിലുള്ള ഇന്റർ ഏജൻസി ഗ്രൂപ്പുകളെയും പ്രയോജനപ്പെടുത്തുക.
- ✓ ദുരന്തസമയത്ത് നഷ്ടപ്പെട്ട വേതനവും സ്വത്തുക്കളും വീണ്ടെടുക്കാൻ അതിഥി തൊഴിലാളികളെ സഹായിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചട്ടക്കൂട് നിർമ്മിച്ചു നടപ്പിലാക്കുക.
- ✓ അതിഥി തൊഴിലാളികൾ നേടിയ നൈപുണ്യങ്ങളുടെ സർട്ടിഫിക്കേഷൻ വീണ്ടെടുപ്പ് സുഗമമാക്കുക. കൂടാതെ, ദുരന്താനന്തരം കേരളത്തിന്റെ തൊഴിൽ വിപണിയുമായി മികച്ച രീതിയിൽ സംയോജിപ്പിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുക.
- ✓ കമ്മ്യൂണിറ്റി സ്കൂളുകളോ താൽക്കാലിക വിദ്യാഭ്യാസ കേന്ദ്രങ്ങളോ വഴി അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് തടസ്സമില്ലാത്ത വിദ്യാഭ്യാസം സാധ്യമാക്കുക.

“

# അതിഥി തൊഴിലാളികൾ അധിവസിക്കുന്ന ആതിഥേയ സമൂഹങ്ങളെ പിന്തുണയ്ക്കുക.

കേരളത്തിലെ ദുരന്തങ്ങൾ പലപ്പോഴും വിഭവങ്ങളുടെയും സൗകര്യങ്ങളുടെയും പരിമിതി മൂലം ആതിഥേയ സമൂഹങ്ങളുടെ വിഭവ വിതരണ സമയങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നത് പ്രദേശവാസികളും അതിഥി തൊഴിലാളികളും തമ്മിലുള്ള പിരിമുറുക്കത്തിലേക്ക് നയിച്ചേക്കാം. അതിഥി തൊഴിലാളികളുടെയും ആതിഥേയ സമൂഹങ്ങളുടെയും ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്ന സമഗ്രമായ സമീപനം സാമൂഹിക ഐക്യവും ദീർഘകാല വീണ്ടെടുക്കലും പ്രോത്സാഹിപ്പിക്കുന്നു.

**നിർദേശിക്കുന്ന പ്രവർത്തനങ്ങൾ**

- മുൻഗണനാ പരിഗണനയെക്കുറിച്ചുള്ള ധാരണകൾ കൃത്യമായി അറിയിച്ചുകൊണ്ട് പ്രാദേശിക സമൂഹങ്ങൾക്കൊപ്പം ദുരിതാശ്വാസ വിതരണത്തിൽ അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുക.
- മുൻഗണനകൾ തിരിച്ചറിയുന്നതിന് ദുരന്താനന്തര ആസൂത്രണത്തിൽ ആതിഥേയ സമൂഹങ്ങളെയും അതിഥി തൊഴിലാളികളെയും ഉൾപ്പെടുത്തുക.
- സാമൂഹ്യ അധിഷ്ഠിത പരിപാടികളും വർക്ക് ഷോപ്പുകളും പോലുള്ള സാംസ്കാരിക സംയോജനം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ വികസിപ്പിക്കുക.
- അതിഥി തൊഴിലാളികൾക്കും ആതിഥേയ സമൂഹങ്ങൾക്കും പ്രയോജനം ലഭിക്കുന്നതിന് ജലവിതരണം, ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ പങ്കിട്ട സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- പുനർനിർമ്മാണത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും സാമ്പത്തികവും ലോജിസ്റ്റിക് പിന്തുണയും നൽകുന്നതിന് കേരളത്തിലെ സർക്കാർസർക്കാർ ഇതര പ്രയോജനപ്പെടുത്തുക.

# മാർഗനിർദേശങ്ങൾ
# നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ

1. ദുരന്ത തയ്യാറെടുപ്പ്
2. ദുരന്ത പ്രതികരണം
3. ദുരന്താനന്തര വീണ്ടെടുപ്പ്

# ദുരന്ത തയ്യാറെടുപ്പ്

**1. അതിഥി തൊഴിലാളികളിൽ പ്രകൃതിദുരന്തങ്ങളുടെ അപകടസാധ്യതകളും പ്രത്യാഘാതങ്ങളും സംബന്ധിച്ചുള്ള പഠനങ്ങൾ/ അവലോകനങ്ങൾ നടത്തുക.**

---

**നടപടി ക്രമങ്ങൾ**

1

ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും അതിഥി തൊഴിലാളി നിർദ്ദിഷ്ട റിസ്ക് പ്രൊഫൈലുകൾ വികസിപ്പിക്കുന്നതിനും ജിഐഎസ് ഉപയോഗിക്കുക കൃത്യമായ റിസ്ക് പ്രൊഫൈൽ വിവരശേഖരണം നടത്തുക.

2

ബഹുഭാഷാ മുന്നറിയിപ്പ് സംവിധാനങ്ങൾ വിന്യസിക്കുകയും കമ്മ്യൂണിറ്റി നേതാക്കളുമായി സഹകരിക്കുകയും ചെയ്യുക ഇതിനായി ഉൾച്ചേർന്ന പ്രക്രിയകൾ വികസിപ്പിച്ചെടുക്കാനുള്ള പഠനങ്ങൾ അനിവാര്യമാണ്.

3

ദുരന്ത രക്ഷാപ്രവർത്തന ടീമുകളെ പരിശീലിപ്പിക്കുകയും അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തി മോക്ക് ഡ്രില്ലുകൾ നടത്തുകയും ചെയ്യുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഗവേഷണ സ്ഥാപനങ്ങൾ.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള മാനസിക ആരോഗ്യ അതോറിറ്റി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഫയർ ആൻഡ് റെസ്ക്യൂ,ജില്ലാ മാനസികാരോഗ്യ പരിപാടി, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ,
പോലീസ് വകുപ്പ്.

**2. സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കിക്കൊണ്ട് അതിഥി തൊഴിലാളികളുടെ പ്രാദേശിക തല ത്തിലുള്ള വിവരശേഖരണം നടത്തുകയും പങ്കിടുകയും ചെയ്യുക.**

---

**നടപടി ക്രമങ്ങൾ**

**1**

സുരക്ഷിതമായ ഒരു ഡാറ്റാബേസ് സ്ഥാപിക്കുകയും വിവരങ്ങൾ ബോധ്യപ്പെടുത്തിയുള്ള സമ്മതം ഉറപ്പാക്കുകയും ചെയ്യുക.

**2**

അടിയന്തിര സാഹചര്യങ്ങളിൽ ഡാറ്റ പങ്കിടുന്നതിനുള്ള ധാർമ്മികമായ പ്രോട്ടോക്കോളുകൾ വികസിപ്പിക്കുക.

**3**

ദുരന്ത രക്ഷാപ്രവർത്തന ടീമുകളെ പരിശീലിപ്പിക്കുകയും അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തി മോക്ക് ഡ്രില്ലുകൾ നടത്തുകയും ചെയ്യുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്ട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, റിക്രൂട്ട്മെന്റ് ഏജൻസികൾ.

## 3. ദുരന്ത തയ്യാറെടുപ്പുകളിലും വീണ്ടെടുക്കലിലും പങ്കെടുക്കാൻ അതിഥി തൊഴിലാളികളെ ശാക്തീകരിക്കുക

---

### നടപടി ക്രമങ്ങൾ

1

ദുരന്ത നിവാരണത്തെ സംബന്ധിച്ചുള്ള ദുരന്ത നിവാരണ സംബന്ധിയായ വിഞ്ജാന വിതരണ സാമഗ്രികൾ (Multilingual IECs) വിതരണം ചെയ്യുക.

2

സേവനങ്ങൾ, നിയമസഹായം, സാമ്പത്തിക സാക്ഷരതാ പരിപാടികൾ എന്നിവയിലേക്കുള്ള പ്രവേശനം സുഗമമാക്കുക.

3

പ്രാദേശിക ദുരന്ത നിവാരണ കമ്മിറ്റികളിൽ അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുകയും പിന്തുണാ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യുക..

4

ദുരന്ത തയ്യാറെടുപ്പുകൾ, കേരളത്തിന്റെ കാലാവസ്ഥാ അപകടസാധ്യതകൾ, ലഭ്യമായ അടിയന്തിര സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിഥി തൊഴിലാളികൾക്കായി ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണസ്ഥാപങ്ങളുടെ നേതൃത്വത്തിൽ
പ്രാദേശിക തലത്തിൽ നൽകുക.

5

അതിഥി തൊഴിലാളികൾക്ക് തിരിച്ചറിയൽ ഡോക്യുമെന്റേഷനും അടിസ്ഥാന സേവനങ്ങളും ഉറപ്പാക്കുക.

6

സമ്പാദ്യ പദ്ധതികൾ, മൈക്രോ ഇൻഷുറൻസ്, സാമ്പത്തിക സാക്ഷരതാ
പരിപാടികൾ എന്നിവയിലൂടെ അതിഥി തൊഴിലാളികൾക്ക് സാമ്പത്തിക ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുക.

7

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും സമൂഹത്തിനും അതിഥി തൊഴിലാളികളുടെ സംഭാവനകൾ ഉയർത്തിക്കാട്ടി ഉൾച്ചേർക്കലിനെ

പ്രോത്സാഹിപ്പിക്കുന്നതിനും (Positive image building) വംശീയ വിദ്വേഷത്തെ (Xenophobia) ചെറുക്കുന്നതിനുമുള്ള ആശയ വിനിമയ തന്ത്രങ്ങൾ വികസിപ്പി

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, , ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, റിക്രൂട്ട്മെന്റ് ഏജൻസികൾ, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ് വകുപ്പ്.

## 4. അതിഥി തൊഴിലാളികളെ ദുരന്ത പ്രതിരോധം, തയ്യാറെടുപ്പ്, അടിയന്തര പ്രതികരണ സംവിധാനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുക

### നടപടി ക്രമങ്ങൾ

1

അതിഥി തൊഴിലാളികളുടെ ഭാഷാപരമായ കഴിവുകൾ, സാംസ്കാരിക ഉൾക്കാഴ്ചകൾ, അതിഥി തൊഴിലാളി സമൂഹത്തിനുള്ളിലെ ബന്ധങ്ങൾ പോലുള്ള വിലയേറിയ വിഭവങ്ങൾ ഉൾപ്പെടുത്തുന്നത് പ്രതികരണ നടപടികൾ മെച്ചപ്പെടുത്താൻ സഹായിക്കും.

2

അതിഥി തൊഴിലാളികളെ അവരുടെ സവിശേഷമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ദേശീയവും, സംസ്ഥാന ജില്ലാ തലത്തിലുള്ളതും, പ്രാദേശികവുമായ തയ്യാറെടുപ്പ് ചട്ടക്കൂടുകളിൽ ഉൾപ്പെടുത്തുക.

3

ദുരന്ത മുന്നൊരുക്കങ്ങളിലും പ്രതികരണ പരിപാടികളിലും സന്നദ്ധപ്രവർത്തകരായോ പരിപാടികളുടെ ഭാഗമായോ അതിഥി തൊഴിലാളികളെ ഉൾച്ചേർക്കുക..

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്ട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, റിക്രൂട്ട്മെന്റ് ഏജൻസികൾ, ഫയർ ആൻഡ് റെസ്ക്യൂ, ഗവേഷണ സ്ഥാപനങ്ങൾ.

**5. അതിഥി തൊഴിലാളികളെ ദുരന്ത സമയത്തുള്ള അടിയന്തിര ആസൂത്രണത്തിൽ ഏർപ്പെടുത്തുകയും അവരുടെ നിർദിഷ്ട ആവശ്യങ്ങളും ശേഷികളും അഭിസംബോധന ചെയ്യുക**

---

**നടപടി ക്രമങ്ങൾ**

1

വിഭവ സമാഹരണത്തിനും വിഭവങ്ങൾ പങ്കിടുന്നതിനും അതിഥി തൊഴിലാളികളെ സഹായിക്കുന്നതിനുമായി മൾട്ടിസ്റ്റേക്ക്ഹോൾഡർ ആകസ്മിക പദ്ധതികൾ വികസിപ്പിക്കുക.

2

സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിതാമസിപ്പിക്കൽ ഉൾപ്പടെയുള്ള ദുരന്ത പ്രതികരണ സംവിധാനങ്ങളെ സംബന്ധിച്ചു അധികാരികൾക്ക് മാർഗ നിർദേശം നൽകുന്നതിനുള്ള ജാഗ്രത സംവിധാനം രൂപപ്പെടുത്തുക.

3

പദ്ധതികൾ പരിശോധിക്കുന്നതിനും പരിഷ്കരിക്കുന്നതിനും അതിഥി തൊഴിലാളികളുടെ പങ്കാളിത്തത്തോടെ മോക്ഡ്രിൽസ്/ ടേബിൾ ടോപ് ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

4

അടിയന്തിര ഘട്ടങ്ങളിൽ അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന ഇന്റർഏജൻസി ഗ്രൂപ്പുകൾക്കായുള്ള ആകസ്മിക പദ്ധതികൾ സൃഷ്ടിക്കുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ.

## 6. അതിഥി തൊഴിലാളികളുമായി ഫലപ്രദമായ ആശയവിനിമയം ഉറപ്പാക്കുക

### നടപടി ക്രമങ്ങൾ

1

ദുരന്തവുമായി ബന്ധപ്പെട്ട വി വരങ്ങൾ പ്രചരിപ്പിക്കുന്നതി ന് സോഷ്യൽ മീഡിയ, മൊ ബൈൽ ആപ്ലിക്കേഷനുകൾ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് പരിപാടി കൾ എന്നിവ പോലുള്ള ഒന്നി ലധികം മാർഗങ്ങൾ ഉപയോ

2

അതിഥി തൊഴിലാളികളുടെ ഭാഷ കളിലും,നിരക്ഷരായവർക്കും, ഭിന്നശേഷിയുള്ള വ്യക്തികൾ ക്കും വിനിമയം ചെയ്യാനുതകുന്ന ഉൾച്ചേർന്ന ആശയവിനിമയ മാ ർഗ്ഗങ്ങൾ സ്വീകരിക്കുക.

3

അതിഥി തൊഴിലാളികളുമായി ദ്വിമുഖ ആശയവിനിമയത്തിനും സംശയ നിവാരണത്തിനുമായി ബഹു മുഖ ഭാഷ സൗകര്യമുള്ള ഹെൽപ്പ് ലൈനുകളും കോൾ സെന്ററുക ളും സ്ഥാപിക്കുക.

4

വിനിമയം എത്തിച്ചേരാൻ പ്രയാസമുള്ള അതിഥി തൊഴി ലാളി ജനവിഭാഗങ്ങളിലേക്ക് എത്തിച്ചേരാൻ മുഖ്യധാര സമൂ ഹം, അതിഥി തൊഴിലാളി സമൂ ഹങ്ങൾ, വിവിധ സംഘടനകൾ എന്നിവയുമായി പങ്കാളികളാ ക്കിക്കൊണ്ടുള്ള ആശയവിനി മയ ചട്ടക്കൂട് പ്രാദേശിക തലത്തിൽ രൂപപ്പെടു ത്തുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ, ഫയർ ആൻഡ് റെസ്ക്യൂ.

**7. വിഭവങ്ങൾ പരമാവധി സമാഹരിക്കുന്നതിനും കൃത്യമായി വിതരണം ചെയ്യുന്നതിനും ദുരന്ത നിവാരണ പ്രക്രിയയിൽ വിശ്വാസ്യത കെട്ടിപ്പടുക്കുന്നതിനുമായി ദുരന്തത്തിന് മുമ്പുള്ള ഏകോപ ന രൂപരേഖകൾ സ്ഥാപിക്കുക.**

---

### നടപടി ക്രമങ്ങൾ

1

ദുരന്തപ്രതിരോധം, ഒഴിപ്പിക്കൽ, വിഭവ വിഹിതം എന്നിവയ്ക്കായി മൾട്ടിസ്റ്റേക്ക്ഹോൾഡർ സഹ കരണത്തിനായുള്ള രൂപരേഖ ഉണ്ടാക്കുക.

2

അതിഥി തൊഴിലാളി കേന്ദ്രീകൃത ദുരന്ത തയ്യാറെടുപ്പുകൾക്കായി വിവിധ സംസ്ഥാനങ്ങൾ/ രാജ്യ ങ്ങൾ, അവരുടെ സർക്കാരുകൾ, ദുരന്ത നിവാരണ ഭരണ സംവിധാ നങ്ങൾ എന്നിവയുമായി സഹകര ണം വികസിപ്പിക്കുക.

3

പരിമിതമായ നയതന്ത്ര സാ ന്നിധ്യമുള്ള സംസ്ഥാന ങ്ങളിലെ/രാജ്യങ്ങളിലെ അതിഥി തൊഴിലാളികളെ സഹാ യിക്കുന്നതിന് പ്രഭവ സംസ്ഥാന വും ആതിഥേയ സംസ്ഥാനവും തമ്മിൽ ദുരന്ത നിവാരണ നയ രൂപീകരണ കരാറുകൾ രൂപീക രിക്കുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്ട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ.

**8. ദുരന്ത പ്രതികരണത്തിനും വീണ്ടെടുക്കലിനുമായി സമൂഹത്തിന്റെ ശേഷി വർദ്ധിപ്പിക്കുകയും പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക**

---

**നടപടി ക്രമങ്ങൾ**

1

അതിഥി തൊഴിലാളികളുടെ ദുർബലതകളും ആവശ്യങ്ങളും വിലയിരുത്തുന്നതിൽ ദുരന്ത പ്രതികരണത്തിൽ പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്കും സേനകൾക്കും പരിശീലനം നൽകുക.

2

അതിഥി തൊഴിലാളി കേന്ദ്രീകൃത ദുരന്ത പ്രതികരണങ്ങൾക്കായി സമർപ്പിത ധനസഹായം അനുവദിക്കുക.

3

വൈവിധ്യമാർന്ന അതിഥി തൊഴിലാളി ആവശ്യങ്ങൾക്കായി വിവര വിഭവ സംവിധാനങ്ങളും വിദഗ്ദ്ധ പട്ടികകളും സ്ഥാപിക്കുക.

4

പൊതുവായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിന് സ്റ്റേക്ക് ഹോൾഡേഴ്സിനിടയിൽ പിയർടുപിയർ പഠനം സുഗമമാക്കുക.

5

ദുരന്തനിവാരണ/ മാറ്റിപാർപ്പിക്കൽ പ്രോട്ടോക്കോളുകളിൽ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ, തൊഴിലുടമകളുടെ സംഘടനകൾ, റിക്രൂട്ട്മെന്റ് ഏജൻസികൾ,

# ദുരന്ത പ്രതികരണം

**9. ദുരന്തസമയത്ത് അതിഥി തൊഴിലാളികളുമായി സമഗ്രമായ ആശയവിനിമയം പ്രോത്സാഹിപ്പിക്കുക**

---

**നടപടി ക്രമങ്ങൾ**

1

വിവിധ ഔദ്യോഗിക/ അനൗദ്യോഗിക ചാനലുകൾ വഴി ബഹുഭാഷാ മുന്നറിയിപ്പുകൾ കൃത്യമായ ഇടവേളകളിൽ പതിവായി നൽകുക.

2

ഭാഷാപരമായി വൈവിധ്യമാർന്ന വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ/ സന്നദ്ധസേവകരെ ഉൾക്കൊള്ളുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ പ്രവർത്തനക്ഷമമായി മുന്നോട്ട് പോകുന്നു എന്ന്

3

ഒറ്റപ്പെട്ടതോ സ്ഥിരം ദേശ സഞ്ചാരം ചെയ്യുന്നതോ ആയ അതിഥി തൊഴിലാളികളെ ബന്ധപ്പെടാൻ ലിങ്കേജ് വർക്കേഴ്സ് /സന്നദ്ധപ്രവർത്തകർ വഴി ശ്രമിക്കുക.

4

വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള അതിഥി തൊഴിലാളി പിന്തുണാ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5

പ്രാദേശിക അവസ്ഥകളെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ നൽകുന്നതിൽ അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുക.

6

ആതിഥേയ സംസ്ഥാന അധികാരികളുടെ നേതൃത്വത്തിൽ സാഹചര്യ ഹ്രസ്വ അവലോകനങ്ങൾ അതിഥി തൊഴിലാളികളുടെ പ്രഭവ സംസ്ഥാനങ്ങളുമായി കൃത്യമായ ഇടവേളകളിൽ നടത്തുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്‌മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്‌മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ടെലികോം കമ്പനികൾ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്‌മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ, തൊഴിലുടമകളുടെ സംഘടനകൾ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ, ടെലികോം കമ്പനികൾ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ലിങ്കേജ് വർക്കേഴ്സ്.

**10. അതിഥി തൊഴിലാളികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ പ്രാപ്തരാക്കുകയും താത്കാലിക താമസത്തിന് സൗകര്യം ഒരുക്കുകയും ചെയ്യണം.**

---

**നടപടി ക്രമങ്ങൾ**

1

എക്സിറ്റ്, എൻട്രി, സ്റ്റേ ആവശ്യകതകൾക്കുള്ള ഇളവുകൾ ദുരന്ത സമയത്തു അത്യാവശ്യമാണ്.

2

പകര രേഖകൾ ദ്രുതഗതിയിൽ വിതരണം ചെയ്യുക.

3

താൽക്കാലികമെങ്കിലും മാനുഷികമായ സുരക്ഷിത സ്ഥാനവും പരിരക്ഷയും നൽകുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്. മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ, ടെലികോം കമ്പനികൾ, വിവര പൊതുജന സമ്പർക്ക വകുപ്പ്,ലിങ്കേജ് വർക്കേഴ്സ്.

## 11. വിവേചനരഹിതമായ മാനുഷിക സഹായം ഉറപ്പാക്കുക

---

### നടപടി ക്രമങ്ങൾ

1

അതിഥി തൊഴിലാളികളുടെ ചലനങ്ങളും ആവശ്യങ്ങളും നിരീക്ഷിക്കുന്നതിനുള്ള സ്ഥാനചലന ട്രാക്കിംഗ് സംവിധാനം സ്ഥാപിക്കണം.

2

ലിംഗ അടിസ്ഥാനത്തിലുള്ള, പ്രായത്തിനെ അടിസ്ഥാനമാക്കിയുള്ള അല്ലെങ്കിൽ മറ്റു ദുർബലതകൾ ഉണ്ടെങ്കിൽ അതുകൂടി പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക സഹായം ലഭ്യമാക്കണം.

3

പ്രായപൂർത്തിയാകാത്തവർ ഉൾപ്പെടെയുള്ള അതിഥി തൊഴിലാളി കുട്ടികൾക്ക് സംരക്ഷണം.

4

കുടുംബ പുനരുജ്ജീവന സേവനങ്ങൾ പ്രത്യേക ദുർബലതകളും ആവശ്യങ്ങളും മനസ്സിലാക്കി നടപ്പിലാക്കണം.

5

ദുർബലരായ അതിഥി തൊഴിലാളികളിലേക്ക് എത്തിച്ചേരാൻ മൊബൈൽ ടീമുകൾ നിയോഗിക്കണം.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്ട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്ട്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്. മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെന്റ്,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, തൊഴിലുടമകളുടെ സംഘടനകൾ, ആരോഗ്യ വകുപ്പ് റിക്രൂട്ട്മെന്റ് ഏജൻസികൾ, ടെലികോം കമ്പനികൾ, വിവര പൊതുജന സമ്പർക്ക വകുപ്പ്,ലിങ്കേജ് വർക്കേഴ്സ്, ഫയർ ആൻഡ് റെസ്ക്യൂ.

## 12. കൃത്യമായ റഫറൽ സംവിധാനങ്ങൾ സ്ഥാപിക്കുക

---

### നടപടി ക്രമങ്ങൾ

**1**

പ്രത്യേക ആവശ്യങ്ങളുള്ള അതിഥി തൊഴിലാളികളെ ദ്രുതഗതിയിൽ തിരിച്ചറിയുകയും റഫറൽ ചെയ്യുകയും ചെയ്യുക.

**2**

ദുർബല വിഭാഗങ്ങൾക്കായി അന്താരാഷ്ട്ര സംഘടനകളുമായുള്ള ഏകോപനം.

**3**

ദുരന്ത സമയങ്ങളിലെ മാറ്റിപാർപ്പിക്കലുമായി സംബന്ധിച്ച ചലനങ്ങൾക്കും ദുരന്തനാന്തര നഷ്ടപരിഹാര പ്രക്രിയകൾക്കുമായി ഇതര സംസ്ഥാനങ്ങളിലെ ദുരന്ത നിവാരണ അതോറിറ്റികളുമായി ബന്ധം പുലർത്തുകയും നയ രൂപീകരണം നടത്തേണ്ടതുമുണ്ട്.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, ഫയർ ആൻഡ് റെസ്ക്യൂ, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള മാനസിക ആരോഗ്യ അതോറിറ്റി, ജില്ലാ മാനസികാരോഗ്യ പരിപാടി, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്. മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ.

**13. സുരക്ഷിതമായ ഒഴിപ്പിക്കലും പുനരധിവാസവും സുഗമമാക്കുക.**

---

**നടപടി ക്രമങ്ങൾ**

1

വിവരങ്ങൾ ബോധ്യപ്പെടുത്തിയുള്ള സമ്മതത്തോടെ മാറ്റിപാർപ്പിക്കൽ നടപടി ക്രമം രൂപീകരിക്കുക.

2

സ്ഥലം മാറ്റ ശ്രമങ്ങളിൽ ബഹുതല പങ്കാളിത്ത സഹകരണം ഉറപ്പുവരുത്തുക.

3

വിവിധ ദേശീയതകളുള്ള അതിഥി തൊഴിലാളി കുടുംബങ്ങൾക്കുള്ള പിന്തുണ/പുനരധിവാസ നടപടി ക്രമം രൂപീകരിക്കുക. (ബംഗ്ലാദേശ്, നേപ്പാൾ മുതലായവയിൽ നിന്നുള്ളവർക്ക്).

4

മാറ്റിപാർപ്പിക്കൽ ലോജിസ്റ്റിക്സിനായി വിവിധ ഡിപ്പാർട്മെന്റുകൾ, ഇന്റർ ഏജൻസി ഗ്രൂപ്പുകൾ, ഇതര സംസ്ഥാനങ്ങളിലെ അതോറിറ്റി എന്നിവയുമായുള്ള സംയോജിത നടപടി ക്രമം ചിട്ടപ്പെടുത്തുക. കൃത്യമായി ഉത്തരവാദിത്വങ്ങൾ പ്രാദേശിക താളം മുതൽ ദേശീയ തലം വരെ രൂപപ്പെടുത്തേണ്ടതാണ്.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള മാനസിക ആരോഗ്യ അതോറിറ്റി, ജില്ലാ മാനസികാരോഗ്യ പരിപാടി, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്, ഫയർ ആൻഡ് റെസ്ക്യൂ, മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ.

# ദുരന്താനന്തര വീണ്ടെടുപ്പ്

**14. അടിയന്തര ആവശ്യങ്ങളെ അഭിസംബോധന ചെയ്യുകയും ജീവിതം പുനർനിർമ്മിക്കാൻ അതിഥി തൊഴിലാളികളെ പിന്തുണയ്ക്കുകയും ചെയ്യുക**

### നടപടി ക്രമങ്ങൾ

1

ഭക്ഷണം, വെള്ളം, താൽക്കാലിക പാർപ്പിടം തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര സാമ്പത്തിക സഹായം നൽകുക.

2

താൽക്കാലിക പാർപ്പിട സൗകര്യങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ദുരന്തത്തെ അതിജീവിക്കുന്ന ഷെൽട്ടറുകൾക്കായുള്ള പുനർനിർമ്മാണ ശ്രമങ്ങൾക്ക് മുൻഗണന നൽകുന്നതിനും നയങ്ങൾ വികസിപ്പിക്കുക.

3

കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങൾ വഴി സാമൂഹിക മാനസിക പിന്തുണയും പുനരധിവാസവും ഉൾപ്പെടെ സൗജന്യ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക. .

4

ദുരന്തസമയത്ത് ഒറ്റപ്പെട്ട അതിഥി തൊഴിലാളികളുടെ കുടുംബ ഏകീകരണത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. ഇതിനായി പ്രാദേശിക എൻ ജി ഒ കളെയും ദേശീയ തലത്തിലുള്ള ഇന്റർ ഏജൻസി ഗ്രൂപ്പുകളെയും പ്രയോജനപ്പെടുത്തുക.

5

ദുരന്തസമയത്ത് നഷ്ടപ്പെട്ട വേതനവും സ്വത്തുക്കളും വീണ്ടെടുക്കാൻ അതിഥി തൊഴിലാളികളെ സഹായിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചട്ടക്കൂട് നിർമ്മിച്ചു നടപ്പിലാക്കുക.

6

അതിഥി തൊഴിലാളികൾ നേടിയ നൈപുണ്യങ്ങളുടെ സർട്ടിഫിക്കേഷൻ വീണ്ടെടുപ്പ് സുഗമമാക്കുക. കൂടാതെ, ദുരന്താനന്തരം കേരളത്തിന്റെ തൊഴിൽ വിപണിയുമായി മികച്ച രീതിയിൽ സംയോജിപ്പിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുക.

7

കമ്മ്യൂണിറ്റി സ്കൂളുകളോ താൽക്കാലിക വിദ്യാഭ്യാസ കേന്ദ്രങ്ങളോ വഴി അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് തടസ്സമില്ലാത്ത വിദ്യാഭ്യാസം സാധ്യമാക്കുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്ട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്ട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
ലേബർ ഡിപ്പാർട്ട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള മാനസിക ആരോഗ്യ അതോറിറ്റി, ജില്ലാ മാനസികാരോഗ്യ പരിപാടി, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്. മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ.

## 15. വിവേചനരഹിതമായ മാനുഷിക സഹായം ഉറപ്പാക്കുക

### നടപടി ക്രമങ്ങൾ

1

മുൻഗണനാ പരിഗണനയെക്കുറിച്ചുള്ള ധാരണകൾ കൃത്യമായി അറിയിച്ചുകൊണ്ട് പ്രാദേശിക സമൂഹങ്ങൾക്കൊപ്പം ദുരിതാശ്വാസ വിതരണത്തിൽ അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തുക.

2

മുൻഗണനകൾ തിരിച്ചറിയുന്നതിന് ദുരന്താനന്തര ആസൂത്രണത്തിൽ ആതിഥേയ സമൂഹങ്ങളെയും അതിഥി തൊഴിലാളികളെയും ഉൾപ്പെടുത്തുക.

3

സാമൂഹ്യ അധിഷ്ഠിത പരിപാടികളും വർക്ക് ഷോപ്പുകളും പോലുള്ള സാംസ്കാരിക സംയോജനം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ വികസിപ്പിക്കുക.

4

അതിഥി തൊഴിലാളികൾക്കും ആതിഥേയ സമൂഹങ്ങൾക്കും പ്രയോജനം ലഭിക്കുന്നതിന് ജലവിതരണം, ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ പങ്കിട്ട സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.


5

പുനർനിർമ്മാണത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും സാമ്പത്തികവും ലോജിസ്റ്റിക് പിന്തുണയും നൽകുന്നതിന് കേരളത്തിലെ ഇന്റർ ഏജൻസി ഗ്രൂപ്പുകളെ പ്രയോജനപ്പെടുത്തുക.

**ഉത്തരവാദിത്വപ്പെട്ട വകുപ്പ്/ ഡിപ്പാർട്മെന്റ്/ സ്റ്റേക്ക് ഹോൾഡർ:**
ലേബർ ഡിപ്പാർട്മെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റെവന്യൂ ഡിപ്പാർട്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ് വകുപ്പ്.

**പ്രധാന പങ്കാളികൾ:**
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
ലേബർ ഡിപ്പാർട്മെന്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, ഇന്റർ ഏജൻസി ഗ്രൂപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള മാനസിക ആരോഗ്യ അതോറിറ്റി, ജില്ലാ മാനസികാരോഗ്യ പരിപാടി, അതിഥി തൊഴിലാളികൾക്കായുള്ള സംഘടനകൾ, പോലീസ് വകുപ്പ്, ഇ ആർ ടി, ആർ ആർ ടി, ആപദ മിത്ര, സിവിൽ ഡിഫെൻസ്. മറ്റ് രക്ഷാ പ്രവർത്തന സംഘങ്ങൾ.










അതിഥി തൊഴിലാളികൾക്കായി തയ്യാറാക്കിയ ബഹുഭാഷാ ദുരന്ത തയ്യാറെടുപ്പ് അവബോധ സഹായികൾ (IECs)

## തയാറാക്കിയത്

**അനഘ ഇ**
(റൂറൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ്, കെ എസ് ഡി എം എ)

## പരിശോധകർ (Reviewers)

1. **ഡോ. ജോയ് ഇളമൺ**
   (മെമ്പർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി)

2. **ഡോ. മിഥില മല്ലിക**
   (സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫിസർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി)

**ഞങ്ങളെ ബന്ധപ്പെടാം:**

---


**കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം**
**(കെ.എസ്.സി.ഓ.സി),**
**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**
**(കെ.എസ്.ഡി.എം.എ),**

ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്, തിരുവനന്തപുരം,
കേരളം 695033
പകൽ സമയ ടെലിഫോൺ 0471 2331345, 04712331645
രാത്രി സമയ ടെലിഫോൺ 0471 2364424
ഫാക്സ് 0471 2364424

**Kerala State Emergency Operations Centre**
**(KSEOC)**
**Kerala State Disaster Management Authority**
**(KSDMA)**

Observatory Hills, Vikas Bhavan P.O
Thiruvananthapuram, Kerala - 695033
Day time phone - 0471 2331345, 0471-2331645, Toll Free 1079
Night-time phone - 0471 2364424
Fax - 0471 2364424

www.sdma.kerala.gov.in
E-mail: seoc.gok@gmail.com, keralasdma@gmail.com
lightningactionplankerala@gmail.com

ദുരന്ത നിവാരണ പദ്ധതികളിലേക്ക് അതിഥിത്തൊഴിലാളികളെ
ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ),**
**ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്, തിരുവനന്തപുരം, കേരളം 695033**